# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി12/1685/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 17/11/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി12/1685/2023 തീയ്യതി: 17/11/2023

## കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-01-2023 മുതൽ 19-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എ.ആർ.ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 20-10-2023 | 31-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-10-2023 | 21-10-2023 |
| 25-10-2023 | 31-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീമതി സിന്ധു.ടി.പി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
2.ശ്രീമതി ഷിജില.വി.ഡി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3.ശ്രീമതി ധന്യ.എം.വി.,സീനിയർ ഗ്രേഡ് ഓഡിറ്റർ
4.ശ്രീമതി നിഖില.എ.എം,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ടി.സുലജ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.രാജീവൻ.വി.വി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജിതിൻ.വി.വി. | കൃഷി ഓഫീസർ | 01-04-2022 | 02-08-2022 |
| ശ്രീമതി.രമ്യാഭായ്.എം.ആർ | കൃഷി ഓഫീസർ | 03-08-2022 | 07-08-2022 |
| ശ്രീ.വിനോദ് കുമാർ . ടി. | കൃഷി ഓഫീസർ | 08-08-2022 | 31-03-2023 |
| ശ്രീമതി.ഷംന ഉണ്ണിക്കൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.മനീഷ്.കെ. | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. | 01-04-2022 | 31-03-2023 |
| ശ്രീമതി.സ്മിത. കെ .കുന്നിൽ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.സതീശൻ പുളുക്ക | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.ഉണ്ണിമാധവൻ.ആർ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-05-2022 |
| ശ്രീമതി.സുനന്ദ കുമാരി | ഹെഡ്മിസ്ട്രസ് | 01-06-2022 | 31-03-2023 |
| ഡോ.ഷീബ പാപ്പച്ചൻ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ.ലിൻഡ ജോർജ്ജ് | മെഡിക്കൽ ഓഫീസർ-ആയുർവേദ | 01-04-2022 | 31-03-2023 |
| ശ്രീമതി.സ്മിത മാരാർ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 19-10-2022 |
| ശ്രീമതി.ബീന.പി.വി. | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 20-10-2022 | 31-03-2023 |
| ഡോ.ഓറിൻ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.സൗമ്യ.എസ്.നായർ | വി ഇ ഒ, കടന്നപ്പള്ളി | 01-04-2022 | 31-03-2023 |
| ശ്രീ.സന്ദൂപ് | വി ഇ ഒ, പാണപ്പുഴ | 01-04-2022 | 27-07-2022 |
| ശ്രീ അരുൺ കുമാർ എം ആർ | വി ഇ ഒ, പാണപ്പുഴ | 01-08-2022 | 26-10-2022 |
| ശ്രീമതി ദിവ്യ | വി ഇ ഒ പാണപ്പുഴ | 03-11-2022 | 31-03-2023 |

വി ഇ ഒ പാണപ്പുഴ 28.07.22 മുതൽ 31.07.22 വരെയും 27.10.22 മുതൽ 02.11.22 വരെയും ഒഴിവ്

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക | 1-1-2 |
| 4 | ആസ്തി , ഡിപ്രീസിയേഷൻ | 1-1-3 |
| 5 | തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തിയത് | 1-1-4 |
| 6 | ബി 4 ഷെഡ്യൂൾ- അദർ ലയബിലിറ്റീസ്- കൃത്യമായ ഹെഡുകളിൽ രേഖപ്പെടുത്താത്തത് | 1-1-5 |
| 7 | മുൻകൂർ ക്രമീകരിക്കാൻ കാലതാമസം വരുത്തുന്നത് | 1-1-6 |
| 8 | ചെലവുകൾ പൊരുത്തപ്പെടാത്തത് | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം(റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ടെണ്ടർ ഫോറം വില്പന- നിശ്ചിത വില ഈടാക്കിയിട്ടില്ല | 1-6-1 |
| 15 | സെന്ററിംഗ് & ഷട്ടറിംഗ് - അധിക നിരക്ക് നല്കിയതും മറ്റ് അപാകങ്ങളും - അധികം നല്കിയ തുക കണക്കാക്കി തിരിച്ച് പിടിക്കേണ്ടതാണ്. | 1-6-2 |
| 16 | നഴ്സറി നിർമ്മാണം-അളവുകളിലെ പൊരുത്തക്കേടുകൾ-75382 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു | 1-6-3 |
| 17 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പൊതു അപാകങ്ങൾ | 1-6-4 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് ബാലൻസ് | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 21 | ഗ്രാമസഭ | 1-10 |
| 22 | അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നില്ല | 1-11 |
| 23 | ബഹുനില വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി- തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ ഉള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല. | 1-12 |

| | | |
|---|---|---|
| 24 | കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ - നികുതി വരുമാനം ഉറപ്പുവരുത്തുന്നില്ല. | 1-13 |
| 25 | ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-14 |
| 26 | ക്വാറി, സ്റ്റോൺ ക്രഷർ എന്നിവയുടെ നടത്തിപ്പ്-രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-15 |
| 27 | തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. | 1-16 |
| 28 | എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | 1-17 |
| 29 | വസ്തുനികുതി അപാകങ്ങൾ | 1-18 |
| 30 | കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിലെ അപാകം | 1-19 |
| 31 | തനത് വരുമാനം-ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി സംബന്ധിച്ച അവലോകനം. | 1-20 |
| 32 | ശമ്പള പരിഷ്കരണ കുടിശ്ശിക , ക്ഷാമബത്ത കുടിശ്ശിക വിതരണം- രേഖകൾ ഹാജരാക്കിയിട്ടില്ല- 89,344രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു | 1-21 |
| 33 | പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് പ്രവർത്തന ചെലവ് നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല-₹30000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |
| 34 | പൊതു ശ്മശാനങ്ങളിൽ ഉള്ള കുഴൽക്കിണറുകൾക്ക് ഹാൻഡ് പമ്പ് സ്ഥാപിക്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല ₹162000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 35 | സ്മാർട്ട് ഐ-ഫേസ് -1-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 36 | ഐ.കെ. എം.വിഹിതം നൽകൽ- വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല ₹61705 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 37 | ബേലിംഗ് മെഷിൻ വാങ്ങൽ -ഇൻസ്റ്റലേഷൻ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല ₹9,99,998 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-26 |
| 38 | സാന്ത്വന പരിചരണ പദ്ധതി-ഉപകരണങ്ങൾ ലഭ്യമായില്ല-₹28738 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 39 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ- മരുന്നുകൾ ലഭ്യമായിട്ടില്ല-₹57365 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 40 | സബ് സെന്ററുകളിൽ ഹെൽത്ത് ആന്റ് വെൽനസ് സെന്റർ നടപ്പാക്കൽ-നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ ₹45000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 41 | ഡോക്ടറുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും വേതനം-രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല- 846599 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-30 |
| 42 | തേനീച്ച കൃഷി - മുഴുവൻ ഗുണഭോക്താക്കൾക്കും പരിശീലനം നല്കിയിട്ടില്ല | 1-31 |

| | | |
|---|---|---|
| 43 | പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല -പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-32 |
| 44 | ധാതു ലവണ മിശ്രിതവും വിര മരുന്നും വാങ്ങൽ -രേഖകൾ ഹാജരാക്കിയില്ല ₹49952 തടസ്സപ്പെടുത്തുന്നു. | 1-33 |
| 45 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-34 |
| 46 | അങ്കണവാടികൾക്ക് കളിക്കോപ്പ്-സ്പെസിഫിക്കേഷൻ നിശ്ചയിക്കാതെ ടെണ്ടർ ചെയ്തു | 1-35 |
| 47 | ഗ്രാമപഞ്ചായത്തിലെ ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ - അവലോകനം | 1-36 |
| 48 | ക്ഷീരകർഷകർക്ക് പാൽവില സബ്സിഡി- അധികത്തുക നല്കിയത്- 8392 രൂപ തിരിച്ചടക്കേണ്ടതാണ്. | 1-37 |
| 49 | പൊതുമരാമത്ത് പ്രവൃത്തികളിൽ ഗുണനിലവാര പരിശോധന - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ് | 1-38 |
| 50 | പൊതുമരാമത്ത് പ്രവൃത്തികളിൽ ചട്ടപ്രകാരമുള്ള ഡിസ് പ്ലേ ബോർഡുകൾ സ്ഥാപിക്കുന്നില്ല | 1-39 |
| 51 | മാലിന്യസംസ്കരണം - അവലോകനം | 1-40 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ക്ഷീരകർഷകർക്ക് പാൽവില സബ്സിഡി- അധികത്തുക നല്കിയത് - 8392 രൂപ തിരിച്ചടക്കേണ്ടതാണ്. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ , വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ധനകാര്യ പത്രികകൾ |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളാ പഞ്ചായത്ത്‌രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – 2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മിഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 05.07.2023 തീയതിയിലെ 1(1)/2023 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 05.07.2023 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 31.03.2023 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

ii) സി & എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെകുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

കണ്ണൂർ,
17-11-2023

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ്, 62 എഫ് പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ, റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രിക

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി കാണിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ആസ്തി , ഡിപ്രീസിയേഷൻ

അസറ്റ്, ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് കൃത്യമായ വിവരങ്ങൾ നല്കുന്നില്ല. കണക്കുകൂട്ടലുകളുമായി ബന്ധപ്പെട്ട വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ആസ്തി രജിസ്റ്ററിൽ മറ്റ് ഏജൻസികൾ (ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾ , മറ്റ് വകുപ്പുകൾ മുതലായവ) ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ചെയ്തു നല്കുന്ന പ്രവൃത്തികളുടെ മൂല്യം ഉൾപ്പെടുത്തി കാലികമാക്കാത്തതും അപാകമാണ്.

## 1-1-4 തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തിയത്

1.ദുരിതാശ്വാസ നിധി - ബി 2 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയും (45775രൂ) ബി 17 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ അക്കൗണ്ട് ബാലൻസും (45675രൂപ) തമ്മിൽ 100രൂപയുടെ വ്യത്യാസമുണ്ട്. തനത് ഫണ്ടിൽ ഒടുക്കിയതിനാലാണ് വ്യത്യാസം വന്നതെന്നാണ് സെക്രട്ടറി മറുപടി നല്കിയത്.

2.സംയുക്ത പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്ത് , ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് ലഭിച്ചതിൽ താഴെ പറയും പ്രകാരമുള്ള തുക നീക്കിയിരിപ്പുണ്ടെന്ന് ബി 4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ജില്ലാ പഞ്ചായത്ത് വിഹിതം - കാപ്പിറ്റൽ ₹2,44,448

ജില്ലാ പഞ്ചായത്ത് വിഹിതം - റവന്യൂ ₹9,90,689

ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ₹2500

വിവിധ പ്രോജക്റ്റുകൾ പ്രകാരം ചെലവഴിച്ച തുക ജേണൽ ചെയ്ത് മാറ്റാത്തതിനാൽ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ കൂടുതൽ തുക നീക്കിയിരിപ്പായി ചേർക്കാനിടയായിട്ടുണ്ട് എന്നാണ് സെക്രട്ടറി മറുപടി നല്കിയത്. മറുപടി സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

3.ബി 9 ഷെഡ്യൂളിൽ താഴെ പറയുന്ന ഹെഡുകളിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല.

Amount Payable To Other Creditors 149250രൂപ, Advance Collection Of Revenue – Other Fees 31500രൂപ, Liability In Respect Of Stale Cheques 408605രൂപ, Other Creditors 1000രൂപ

പ്രസ്തുത തുകകൾ ഐ എൽ ജി എം എസ് ലേക്ക് മാറുമ്പോൾ പാസ്റ്റ് ഡാറ്റ എൻട്രി നടത്തിയതാണെന്നും വിശദാംശങ്ങൾ ലഭ്യമല്ല എന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്.

4.ബി 11 സി ഷെഡ്യൂളിൽ അഗ്രിക്കൾച്ചർ മെഷിനറി എക്യൂപ്പ്മെന്റ്സ് - റോക്കർ സ്പ്രെയർ എന്ന ഹെഡിൽ 19,33,490രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥ ഹെഡിൽ തുക രേഖപ്പെടുത്തേണ്ടതാണ്. പ്രസ്തുത തുക Movable Assets Plant And Machinery എന്ന ഹെഡിൽ വരുന്നതാണെന്നും ഈ ഹെഡ് ഐ എൽ ജി എം എസ് ൽ ലഭ്യമല്ലാത്തതിനാലാണ് ഹെഡ് മാറി രേഖപ്പെടുത്തിയതെന്നുമാണ് മറുപടി നല്കിയത്.

5.ബി 11 ഡി ഷെഡ്യൂളിൽ 414130105 കോഡിൽ ചേർത്ത 13,89,856രൂപയിൽ 9 ലക്ഷം രൂപ വ്യക്തിഗത ഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്യുന്നതിനായി വന്ന ചെലവും (പ്രോജക്റ്റ് നമ്പർ 154/22,139/22) 35518രൂപ വാഹന വാടകയിനത്തിലുള്ളതും (പ്രോജക്റ്റ് നമ്പർ 150/22) 191671 രൂപ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം (പ്രോജക്റ്റ് നമ്പർ 170/22) എന്ന ഇനത്തിലുള്ളതുമാണ്. സീവേജ് ട്രീറ്റ്മെന്റ് ഇനത്തിലുള്ള പൊതു ആസ്തികളല്ലാത്ത ഇനങ്ങളും റവന്യൂ ചെലവുകളും പ്രസ്തുത ഹെഡിൽ ചേർത്തത് ശരിയല്ല. സോഫ്റ്റ് വെയർ അപാകമാണെന്നാണ് സെക്രട്ടറി നല്കിയത് . മറുപടി തൃപ്തികരമല്ല.

6.ബിൽഡിംഗ് ഫോർ ബഡ്സ് സ്കൂൾ എന്ന ഹെഡിൽ 17577രൂപ മാത്രമാണ് രേഖപ്പെടുത്തിയത്. ബഡ്സ് സ്കൂളിനായി ചെലവഴിച്ച മുഴുവൻ തുകയും (32 ലക്ഷം രൂപ വിവിധ വർഷങ്ങളിലായി ചെലവഴിച്ചിട്ടുണ്ട്) ഉൾപ്പെടുത്താതിരുന്നത് ശരിയല്ല. ശരിയായ തുക ഉൾപ്പെടുത്തേണ്ടതാണ്.

7.സ്മാർട്ട് ഐ പദ്ധതിക്കായി ജില്ലാ പഞ്ചായത്തിന് മുൻകൂറായി നല്കിയ 177000രൂപ 414140104 ഹെഡ് കോഡിൽ ആസ്തിയായി ചേർത്തിട്ടുണ്ട്. ആയത് അഡ്വാൻസ് ഹെഡിലേക്ക് മാറ്റേണ്ടതാണ്.

8.ബി 11(ഇ) ഷെഡ്യൂളിൽ ഓഫീസ് ഉപയോഗത്തിനായുള്ള വാഹനങ്ങൾ എന്ന ഹെഡിൽ ചേർത്ത 11,55,054 രൂപയിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്കെടുത്ത വകയിലുള്ള 165000രൂപയും ഉൾപ്പെടുന്നു. (6*27500).റവന്യൂ ചെലവ് ആസ്തി മൂല്യത്തിൽ ചേർത്തത് ശരിയല്ല. പ്രസ്തുത തുക ജേണൽ ചെയ്ത് മാറ്റുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-1-5 ബി 4 ഷെഡ്യൂൾ- അദർ ലയബിലിറ്റീസ്- കൃത്യമായ ഹെഡുകളിൽ രേഖപ്പെടുത്താത്തത്

ബി-4 ഷെഡ്യൂളിൽ അദർ ലയബിലിറ്റീസ് ഇനത്തിൽ രേഖപ്പെടുത്തിയ 213677 രൂപയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 17/26.10.23 ന് സെക്രട്ടറി നല്കിയ മറുപടി താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | ഹെഡ് | തുക | റിമാർക്സ് |
|---|---|---|---|
| 1 | Conveyance Charges | 25223 | വ്യക്തതയില്ല |
| 2 | Variation Cost Road | 3673 | വ്യക്തതയില്ല |
| 3 | BSNL | 49236 | വ്യക്തതയില്ല |
| 4 | TSP Fund | 20000 | |
| 5 | വിവരം ലഭ്യമാക്കിയിട്ടില്ല | 38372 | |
| 6 | EPOC Clearance | 48938 | വ്യക്തതയില്ല |
| 7 | Refund By Ground Water Dept (CFC Fund) | 28235 | |
| | ആകെ | 213677 | |

ക്രമനമ്പർ 1,2,3,6 തുക ലയബിലിറ്റിയായി തുടരാൻ കാരണം എന്താണെന്ന് വ്യക്തമല്ല. ക്രമനമ്പർ 5 കൃത്യമായ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ക്രമനമ്പർ 6 ഏതിനത്തിൽ തിരിച്ച വന്ന തുകയാണെന്ന് കണ്ടെത്തി ഗുണഭോക്താക്കൾക്ക് കൈമാറേണ്ടതാണ്. ക്രമനമ്പർ 7 ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവിൽ ഉൾപ്പെട്ട തുകയിൽ ചെലവഴിക്കാതെ അവശേഷിച്ച തുക ഭൂജല വകുപ്പ് തിരിച്ച നല്കിയതാണ്. ആയത് ലയബിലിറ്റി ഹെഡിൽ ചേർത്തതിന്റെ കാരണം വ്യക്തമല്ല (ട്രഷറി അലോട്ട് മെന്റിൽ നിന്നുള്ള ചെലവല്ലെങ്കിൽ സി എഫ് സി അക്കൗണ്ടിലേക്ക് മാറ്റാവുന്നതാണ്).ക്രമനമ്പർ 4 ടി എസ് പി ഫണ്ട് തിരിച്ചടച്ച ഇനത്തിലുള്ള തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കാത്തത് അപാകമാണ്.

## 1-1-6 മുൻകൂർ ക്രമീകരിക്കാൻ കാലതാമസം വരുത്തുന്നത്

ബി 18 ഷെഡ്യൂളിൽ അഡ്വാൻസ് ടു എം എൻ ആർ ഇ ജി എസ് എന്ന ഹെഡിൽ 277268 രൂപ, അദർ അഡ്വാൻസസ് 217264രൂപ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂറായി നല്കിയ 1,115,968 രൂപ എന്നിവ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് 2022-23 സാമ്പത്തിക വർഷം നൽകിയ 1,62,000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.പ്രസ്തുത തുക ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് അപാകമാണ്. മുൻകൂറുകൾ സമയപരിധിക്കകം ക്രമീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-7 ചെലവുകൾ പൊരുത്തപ്പെടാത്തത്

(A) വികസന ഫണ്ട് – ജനറൽ
സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും എ.സി.ആർ പ്രകാരമുള്ള ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. സുലേഖ ചെലവ് പത്രികയിലെ ചെലവാണ് ജേണൽ ചെയ്ത് I-6 ൽ ഉൾപ്പെടുത്തിയത്. (വ്യത്യാസം – 439074 രൂപ)
(B) സംരക്ഷണ ഗ്രാന്റ് – റോഡ്
അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവും സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. സുലേഖ ചെലവ് പത്രികയിലെ ചെലവാണ് I-6 ൽ ജേണൽ ചെയ്ത് ചേർത്തത്. (വ്യത്യാസം – ₹227381)

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.03.2022 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 17.03.2023 തീയതിയിലെ 17(1) നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. (പുതുക്കിയ ബജറ്റിന്റെ വിശദാംശങ്ങൾ ഭരണസമിതി മിനുട്സിൽ ചേർത്തിട്ടില്ല. 09.03.2023 ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ തീരുമാനങ്ങൾ അംഗീകരിക്കുന്നു എന്ന് മാത്രമാണ് രേഖപ്പെടുത്തിയത്). വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | 51,18,458 | 2,27,89,718 |

| | | |
|---|---|---|
| വരവ് | 25,07,53,000 | 25,84,68,126 |
| ആകെ | 25,58,71,458 | 28,12,57,844 |
| ചെലവ് | 24,76,11,500 | 25,88,61,557 |
| നീക്കിയിരിപ്പ് | 82,59,958 | 2,23,96,287 |

ആദ്യം തയ്യാറാക്കിയ ബജറ്റിലെ മുന്നിരിപ്പ് 51,18,458 രൂപയും പുതുക്കിയ ബജറ്റിലെ മുന്നിരിപ്പ് 2,27,89,718 രൂപയുമാണ്. വ്യത്യാസം 1,76,71,260 രൂപ. ഒരേ വർഷത്തെ ബജറ്റ് മുന്നിരിപ്പുകൾ തമ്മിൽ ഇത്രയും വലിയ വ്യത്യാസം വന്നത് പരിശോധിക്കപ്പെടേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം(റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹1,38,25,378 |
| വരവ് | ₹4,56,63,239 |
| ആകെ | ₹5,94,88,617 |
| ചെലവ് | ₹4,23,53,884 |
| നീക്കിയിരിപ്പ് | ₹1,71,34,733 |
| വരവിനങ്ങളിലുള്ള നഷ്ടം | തിട്ടപ്പെടുത്തിയിട്ടില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം -ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹8,392 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹26,23,083 |

റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂളിൽ ഗ്രാമപഞ്ചായത്തിന്റെ പ്രധാന ഗ്രാന്റ് വരവിനങ്ങളായ വികസന ഫണ്ടുകളും (ജനറൽ, എസ്.സി.പി), സംരക്ഷണ ഗ്രാന്റ് (റോഡ്, റോഡിതരം), സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കായുള്ള വരവു ചെലവുകളും, ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിക്കായുള്ള വരവു ചെലവുകളും ഉൾപ്പെടുന്നില്ല. അതുകൊണ്ടു തന്നെ വരവു ചെലവുകളുടെ പൂർണ്ണമായ വിവരങ്ങൾ ഇവിടെ വരുന്നില്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 2,54,57,000 | 2,54,57,000 | 2,34,34,675 | 20,22,325 * |
| വികസന ഫണ്ട് (എസ്.സി.പി.) | - | 14,66,000 | 14,66,000 | 14,66,000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | - | 82,85,000 | 82,85,000 | 65,95,722 | 16,89,278 ** |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | - | 53,82,000 | 53,82,000 | 41,88,040 | 11,93,960 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | 3,22,939 | 30,25,000 (ബാങ്ക് അക്കൗണ്ടിൽ വരവു വന്നത്) + | 35,44,126 | 34,31,511 | 1,12,615 (53272 ഒഴികെയുള്ള തുക അക്കൗണ്ട് |

| | | | | | |
|---|---|---|---|---|---|
| | | 53272(സ്പിൽ ഓവർ പദ്ധതിക്കായി ലഭിച്ച അലോട്ട്മെന്റ്)+ പലിശ 142915 ആകെ₹32,21,187 | | | ബാലൻസ്) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 18,08,080 | 45,38,000 (ബാങ്ക് അക്കൗണ്ടിൽ വരവ് വന്നത്) + 330211(സ്പിൽ ഓവർ പദ്ധതിക്കായി ലഭിച്ച അലോട്ട്മെന്റ്) ആകെ ₹48,68,211 | 66,76,291 | 47,37,132 (ഇതിൽ 218504രൂപ ട്രഷറി അലോട്ട്മെന്റിൽ നിന്നുള്ള ചെലവ്) | 19,39,159 (18,27,452 രൂപ ബാങ്ക് നീക്കിയിരിപ്പ്, 111707രൂപ അലോട്ട് മെന്റിലെ ബാലൻസ്) |
| ഐ.സി.ഡി.എസ് | 8,84,841 | 15,52,612 | 24,37,453 | 8,00,000 | 16,37,453 |
| എം.പി. ഫണ്ട് | 1360 | 28 | 1388 | 47 | 1341 |
| സ്വച്ഛ് ഭാരത് ഫണ്ട് | 335 | 0 | 335 | 0 | 335 |
| ടി.എസ്.സി | 1,41,545 | 0 | 1,41,545 | 0 | 1,41,545 |
| സാക്ഷരത | 47,392 | 1389 | 48,781 | 0 | 48,781 |
| വിമുക്തി | 12260 | 0 | 12260 | 0 | 12260 |
| ലൈഫ് പദ്ധതി | 25,01,656 | 3,61,771 | 28,63,427 | 2,00,000 | 26,63,427 |
| ശുചിത്വ മിഷൻ | 68908 | 0 | 68908 | 48,000 | 20,908 |
| ശുചിത്വ മിഷൻ | 0 | 5,40,000 | 5,40,000 | 5,40,000 | 0 |
| കണ്ണൂർ കോർപ്പറേഷൻ - ഗ്രാന്റ് | 45,00,000 | 0 | 45,00,000 | 24,56,103 | 20,43,897 |
| ഹെൽത്ത് ഗ്രാന്റ്-കൺവേർഷൻ ഓഫ് റൂറൽ പി എച്ച് സി | 0 | 1,36,827 | 1,36,827 | 55,996 | 80,831 |
| ഹെൽത്ത് ഗ്രാന്റ്-ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ | 0 | 2,68,154 | 2,68,154 | 79,608 | 1,88,546 |

* Appropriation Control Register പ്രകാരം നീക്കിയിരിപ്പ് 15,83,251 രൂപയാണ്. (വ്യത്യാസം 439074 രൂപ)

** ACR പ്രകാരം 6823103 രൂപയാണ് ചെലവ്. അവസാനം നൽകിയ ബിൽ തുകയായ 2,27,381 രൂപ ചെലവായതായി സുലേഖ ചെലവ് പത്രികയിലും I-6 ലും വന്നിട്ടില്ല. പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടു | പൂർത്തീകരിച്ച പ്രോജക്ടു |
|---|---|---|---|---|---|---|---|

| | | | | | | കളുടെ എണ്ണം | കളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 185 | 11,79,11,341 | 153 | 6,15,71,952 | 18 | 32 | 121 | 65.4% |

നിർവ്വഹണ ഉദ്യാഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്കുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്കുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 45,24,589 | 45,24,589 | 100 |
| വെറ്റിനറി സർജൻ | 5 | 5 | 8,66,000 | 8,65,948 | 99.99 |
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 11 | 9 | 32,99,313 | 27,60,983 | 83.68 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 1,00,000 | 1,00,000 | 100 |
| വി ഇ ഒ | 28, | 26 | 4,51,23,802 | 1,29,50,670 | 28.70 |
| ഐസിഡിഎസ് സൂപ്പർവൈസർ | 10 | 10 | 59,21,688 | 56,88,726 | 96.06 |
| സെക്രട്ടറി | 37 | 29 | 82,51,684 | 56,16,461 | 68 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 73 | 55 | 4,55,97,715 | 2,53,84,252 | 55.67 |
| ഹെഡ്മാസ്റ്റർ | 5 | 5 | 13,17,700 | 12,66,370 | 96.10 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 5 | 12,08,850 | 7,80,953 | 64.60 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 17,00,000 | 16,33,000 | 96.06 |
| ആകെ | 185 | 153 | 11,79,11,341 | 6,15,71,952 | 52.22 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 46,153 | 11,23,869 | 11,70,022 | 11,61,818 | 8204 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (മെറ്റീരിയൽ ചെലവ് ഉൾപ്പെടെ) | 0 | 3,61,81,207 | 3,61,81,207 | 3,61,81,207 | 0 |
| ആകെ | 46,153 | 3,73,05,076 | 3,73,51,229 | 3,73,43,025 | 8204 |

## 1-6-1 ടെണ്ടർ ഫോറം വില്പന- നിശ്ചിത വില ഈടാക്കിയിട്ടില്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി സാധനങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ സ ഉ (കൈ) നമ്പർ 93/12/തസ്വഭവ തീയതി 31.03.2012 (പേജ് 9) ൽ ദർഘാസ് പ്രമാണങ്ങളുടെ വില സംബന്ധിച്ച് 01.12.2008 ലെ ജി.ഒ(പി)നമ്പർ 540/2008/ ഫിൻ ഉത്തരവിന് അനുസൃതമായി 50000രൂപ മുതൽ 1000000രൂപ വരെയുള്ള വാങ്ങലുകൾക്ക് സാധന സാമഗ്രികളുടെ മൂല്യത്തിന്റെ 0.2%(100ന്റെ ഗുണിതങ്ങളിൽ) , ചുരുങ്ങിയത് 400രൂപ + ജി എസ് ടി ആയിരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ജി ഒ(പി)3/15/Fin /Dated 05.01.2015 ൽ 50000 രൂപ മുതൽ 10 ലക്ഷം രൂപ വരെ മൂല്യമുള്ളവയ്ക്ക് ചുരുങ്ങിയത് 500രൂപയും പരമാവധി 2000രൂപയും എന്ന് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ ഫോറം വാങ്ങിയ കരാറുകാരിൽ നിന്നും 200+ 12% ജി

എസ് ടി നിരക്കിൽ മാത്രമാണ് ടെണ്ടർ ഫാറം വില ഈടാക്കിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 41/31.10.23 ന് മറുപടിയായി പ്രൊക്യൂർമെന്റ് മാന്വലിൽ നിർദ്ദേശിച്ച നിരക്കാണ് ഈടാക്കിയതെന്നാണ് അറിയിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ ഉത്തരവുകൾ പ്രകാരമാണ് ടെണ്ടർ ഫോറം വില ഈടാക്കേണ്ടതെന്നതിനാൽ മറുപടി തൃപ്തികരമല്ല. നിശ്ചിത നിരക്കിൽ തുക കണക്കാക്കി ഈടാക്കേണ്ടതും ജി എസ് ടി തുക ബന്ധപ്പെട്ട ഹെഡിൽ ഒടുക്കു വരുത്തേണ്ടതുമാണ്. ഭാവിയിൽ ഓഡിറ്റ് നിർദ്ദേശം കൃത്യമായി പാലിക്കേണ്ടതാണ്.

## 1-6-2 സെന്ററിംഗ് & ഷട്ടറിംഗ് - അധിക നിരക്ക് നല്കിയതും മറ്റ് അപാകങ്ങളും - അധികം നല്കിയ തുക കണക്കാക്കി തിരിച്ചു പിടിക്കേണ്ടതാണ്.

1. അധിക നിരക്ക് നല്കിയത്
മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് പരിധിയിൽ 2022-23 സാമ്പത്തിക വർഷം നടപ്പാക്കിയ മുഴുവൻ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിലും സെന്ററിംഗ് & ഷട്ടറിംഗ് പ്രവൃത്തികൾക്കായി ഇനം നമ്പർ 4.3.2 (Centering And Shuttering Including Strutting , Propping Etc And Removal Of Form Work – Retaining Walls , Return Walls Including Attached Pilasters , Buttresses , Plinth And String Courses ...... ) എന്ന ഇനമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്, നിരക്ക് 456.225/ചതുരശ്ര മീറ്റർ. ഫൗണ്ടേഷൻ കോൺക്രീറ്റ് മാത്രമാണ് നടത്തുന്നതെന്നതിനാൽ ഫോം വർക്കിൽ സപ്പോർട്ടിംഗ് സ്ട്രക്ച്ചറുകൾ ആവശ്യമില്ലാത്തതാണ്. അതുകൊണ്ടു തന്നെ മേൽപ്പറഞ്ഞ നിരക്ക് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ നല്കേണ്ടതില്ല.
സ്റ്റോക്കിൽ വരാത്ത ഇനങ്ങൾക്ക് തുക നല്കിയത്
വെണ്ടർമാരുടെ ബില്ലുകളിൽ പ്രസ്തുത നിരക്കിന് ആനുപാതികമായ മുഴുവൻ ഇനങ്ങളും വിതരണം ചെയ്തതായി രേഖപ്പെടുത്തുകയും വില നല്കുകയും ചെയ്തിട്ടുണ്ട്. അതേ സമയം മെറ്റീരിയൽ സ്റ്റോക്ക് രജിസ്റ്ററുകളിൽ പ്രസ്തുത ഇനങ്ങൾ രേഖപ്പെടുത്തുകയോ മേറ്റുമാർ ആയത് കൈപ്പറ്റുകയോ ചെയ്തിട്ടില്ല എന്നത് അപാകമാണ്.
ഒന്നിൽ കൂടുതൽ തവണ ഉപയോഗിക്കാവുന്ന സാധനങ്ങൾ ഓരോ പ്രവൃത്തിക്കു വേണ്ടിയും വില നല്കി വാങ്ങിയത്
ഒന്നിൽ കൂടുതൽ തവണ ഉപയോഗിക്കാവുന്ന സാധനങ്ങൾ എന്ന നിലയിൽ പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് ഫോം വർക്കിനായി ഇറക്കിയ സാധനങ്ങൾ തിരികെ സ്റ്റോക്കിൽ വരേണ്ടതായിരുന്നു. ആയത് ചെയ്തിട്ടില്ല.
താഴെ പറയുന്ന സാധനങ്ങളാണ് ഫോം വർക്കിനായി വിതരണം ചെയ്തതായി വെണ്ടർമാരുടെ ജി എസ് ടി ബില്ലുകളിൽ രേഖപ്പെടുത്തിയത്

1.MS Tube 40mm Diameter
2.Wall Form Panel 1250*500mm
3.Double Clip(bridge Clip)
4.single Clip
5.100 Mm Channel Shoulder 2.5mm Long

ഓരോ പ്രവൃത്തിയിലും ശരാശരി 5000-6000 രൂപയുടെ സാധനങ്ങൾ ഈയിനത്തിലുള്ളതാണ്. മുഴുവൻ റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെയും ബില്ലുകൾ പരിശോധിച്ച് അനർഹമായി കൈമാറിയ തുക തിരിച്ചു പിടിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-6-3 നഴ്സറി നിർമ്മാണം-അളവുകളിലെ പൊരുത്തക്കേടുകൾ-75382 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

പ്രോജക്ട് കോഡ് ഡി പി /324073, നഴ്സറി നിർമ്മാണം
കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിൽ നഴ്സറി നിർമ്മാണത്തിനായി താഴെ പറയും പ്രകാരമുള്ള തുക ചെലവഴിച്ചിട്ടുണ്ട്.

| പണി നടന്ന തീയതി | M Book | തുക |
|---|---|---|
| 01.03.22 To 07.03.22 | 273/21-22 | 26936 |
| 08.03.22 To 14.03.22 | | 17168 |
| 15.03.22 To21.03.22 | | 13320 |
| 22.03.22 To 26.03.22 | 309/21-22 | 7104 |
| 30.03.22 To 31.03.22 | | 1480 |
| 04.04.22 To 10.04.22 | | 4665 |
| 11.04.22 To 17.04.22 | | 11060 |

| | | |
|---|---|---|
| 19.04.22 To 25.04.22 | | 12324 |
| 26.04.22 To 02.05.22 | 24/22-23 | 9480 |
| 05.05.22 To 11.05.22 | | 8216 |
| 18.05.22 To 23.05.22 | | 5056 |
| 03.06.22 To 09.06.22 | | 38236 |
| Material | | 75082 |
| ആകെ | | 230127 |

വാങ്ങിയ സാധനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സാധനം , അളവ് | നിരക്ക് | തുക |
|---|---|---|
| Ploythene Bags, 40 Kg | 200/kg | 8000 |
| Green Net, 75% Shade, 187m2 | 36/m2 | 6732 |
| Arecanut Post , 272m | 25/m | 6800 |
| Poovali,5lr Capacity @ 8nos | 300/e | 2400 |
| Coir Pith Compost, 500kg | 20/kg | 10000 |
| Cowdung , 500 M3 | 70/m3 | 35000 |
| Bone Meal, 100kg | 30/kg | 3000 |
| Dolomite,25kg | 12/kg | 300 |
| Neem Cake,50kg | 27/kg | 1350 |
| Keravalli,20kg | 90/kg | 1800 |
| | | 75382 |

നഴ്സറി നിർമ്മാണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 5000 പോളിത്തീൻ ബാഗുകളിലായി 0.15m*0.15m*0.17m അളവിൽ മണ്ണും വളവും അടങ്ങിയ മിശ്രിതം നിറച്ച് (ആകെ തയ്യാറാക്കിയ മിശ്രിതം 19.125ക്യൂ.മീറ്റർ) ചെടികൾ നട്ട് പരിപാലിക്കുന്നതിനായാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എസ്റ്റിമേറ്റ് , എം ബുക്ക് ഇവ പ്രകാരം ഈ ആവശ്യത്തിലേക്കായി സൈറ്റിൽ നിന്നും 90ക്യൂ മീറ്റർ മണ്ണ് കിളച്ചെടുത്തിട്ടുണ്ട്. വളവും മിശ്രിതവും ഉൾപ്പെടെ 19.125ക്യൂ മീറ്റർ അളവിലുള്ള മിശ്രിതമാണ് ആവശ്യമെന്നിരിക്കെ 90m ക്യൂബിക് മീറ്റർ മണ്ണ് കിളച്ചെടുക്കുന്നതിനായി 90*164.051/m3= 14765രൂപ ചെലവഴിച്ചിട്ടുണ്ട്. കാരണം വ്യക്തമാക്കിയിട്ടില്ല.

2. 500kg അളവിൽ ചകിരിച്ചോറ് കമ്പോസ്റ്റും 500ക്യൂബിക് മീറ്റർ അളവിൽ ചാണകവും വാങ്ങിയ വകയിൽ 45000രൂപ വെണ്ടർക്ക് നല്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രകാരമുള്ള മിശ്രിതം തയ്യാറാക്കുന്നതിന് ഇത്രയും അളവിൽ സാധനങ്ങൾ ആവശ്യമില്ലാത്തതാണ്. സാധനങ്ങൾ കൂടുതലായി വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

3. ഉല്പാദിപ്പിച്ച ചെടികളുടെ സ്റ്റോക്ക് വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല.

4. നഴ്സറി ഇപ്പോൾ നിലവിലില്ല. പൊളിച്ച് മാറ്റിയ സാധനങ്ങളിൽ ഗ്രീൻ നെറ്റ് പുനരുപയോഗം ചെയ്തിട്ടുണ്ട്. മറ്റ് സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല.

അപാകങ്ങൾ അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.42/31.10.2023) നൽകിയ മറുപടി തൃപ്തികരമല്ല. രേഖകൾ ഹാജരാക്കാത്തതിനാലും ആവശ്യമായതിനേക്കാൾ വളരെക്കൂടുതൽ അളവിൽ സാധനങ്ങൾ വാങ്ങി ഉപയോഗിച്ചതായി രേഖപ്പെടുത്തിയതിനാലും സാധനങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ച 75382 രൂപ തടസ്സത്തിൽ വെക്കുന്നു. കൂടുതൽ വാങ്ങിയതായി രേഖപ്പെടുത്തിയ സാധനങ്ങളുടെ വില തിരിച്ചടച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-6-4 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പൊതു അപാകങ്ങൾ

1.വ്യക്തിഗത ഗുണഭോക്താക്കളുടെ ഭൂമിയിൽ ചെയ്യുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകളിൽ സർവ്വേ നമ്പർ , ഗുണഭോക്താവിന്റെ പേര് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കളുടെ അപേക്ഷയിൽ അവരുടെ പേരിലുള്ള ഏത് സർവ്വേ നമ്പറിലുള്ള സ്ഥലത്താണ് പ്രവൃത്തി ചെയ്യേണ്ടതെന്നും എത്ര സ്ഥലത്ത് ചെയ്യാൻ അനുവദിക്കുന്നുണ്ടെന്നും രേഖപ്പെടുത്തുന്നില്ല.

2.സിറ്റിസൻ ഇൻഫർമേഷൻ ബോർഡ്

സിറ്റിസൻ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിനായി ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെ ഒരുമ സംരംഭ യൂനിറ്റ് ,

ചെങ്ങൽത്തടം എന്ന സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ക്വട്ടേഷൻ നോട്ടീസിന് അനുബന്ധമായോ കരാർ പത്രികയ്ക്ക് അനുബന്ധമായോ സ്ഥാപിക്കേണ്ട ബോർഡിന്റെ സ്പെസിഫിക്കേഷനോ ബോർഡ് ഉറപ്പിക്കുന്നതുൾപ്പെടെയുള്ള എസ്റ്റിമേറ്റോ ഉൾപ്പെടുത്തിയിട്ടില്ല. ചെറിയ ബോർഡ് സ്ഥാപിക്കാൻ (2*3 അടി) 3000രൂപയും വലിയ ബോർഡിന് (3*4 അടി) 5000രൂപയുമാണ് പ്രസ്തുത സ്ഥാപനം ക്വാട്ട് ചെയ്തത്.കൃത്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ഏല്പിക്കേണ്ടതാണ്.

3.മെറ്റീരിയൽ പ്രവൃത്തികൾ- കരാറുകാർ സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ അളവ് ഉറപ്പു വരുത്തുന്നത്

വിതരണക്കരാറുകാർ വിവിധ പ്രവൃത്തികൾക്കായി നല്കുന്ന സാധനങ്ങൾ സ്റ്റാക്ക് ചെയ്ത് അളവുകൾ കൃത്യമാണെന്ന് ഉറപ്പു വരുത്തിയിട്ടില്ല. എം ബുക്കിൽ അളവുകൾ രേഖപ്പെടുത്തി (Not For Payment) കൃത്യത പരിശോധിച്ച ശേഷം മാത്രം വിതരണക്കാർക്ക് തുക നല്കേണ്ടതാണ്. ഖണ്ഡിക 1-6-3 ൽ 500 ക്യൂബിക് മീറ്റർ ചാണകപ്പൊടി വാങ്ങിയതിന് അളവുകൾ പരിശോധിക്കുകപോലും ചെയ്യാതെയാണ് തുക നൽകിയിട്ടുള്ളത്.

4.സൈറ്റ് പ്ലാൻ , റീച്ച് ഉൾപ്പെടുത്താത്തത്

റോഡ് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകളിൽ റീച്ച് ഉൾപ്പെടുത്തിയിട്ടില്ല. സൈറ്റ് പ്ലാൻ ഫയലിൽ ഉൾപ്പെടുത്താത്തതും അപാകമാണ്.

അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 70,17,000 | 552 |
| വിധവാപെൻഷൻ | 1,26,95,600 | 929 |
| വാർദ്ധക്യകാല പെൻഷൻ | 2,33,73,400 | 1835 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 46,31,300 | 321 |
| 50വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 7,96,400 | 55 |
| വിവാഹ ധനസഹായം | 1,80,000 | 6 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.10.23 ന് രാവിലെ 11.35 മണിക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3014 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് മീറ്റിംഗ്

പ്രതിമാസ മീറ്റിംഗുകൾ ചേർന്ന് ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്.

സകർമ്മ മീറ്റിംഗ് മിനുട്സ്

ഭരണസമിതി മീറ്റിംഗ് മിനുട്സ് യോഗം പൂർത്തിയാകുന്ന മുറയ്ക്ക് പ്രസിഡണ്ടിന്റെ അംഗീകാരത്തിനയയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കാലതാമസം വന്നതുമായി ബന്ധപ്പെട്ട ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| യോഗം നടന്നതീയതി | അംഗീകാരത്തിനയച്ച തീയതി | അംഗീകരിച്ച തീയതി |
|---|---|---|
| 10.01.23 | 30.01.23 | 30.01.23 |
| 23.01.23 | 02.02.23 | 02.02.23 |
| 22.02.23 | 27.03.23 | 27.03.23 |
| 01.03.23 | 27.03.23 | 27.03.23 |
| 17.03.23 | 03.04.23 | 03.04.23 |

സാമൂഹ്യ സുരക്ഷാ പെൻഷൻ

പെൻഷനർമാരുടെ അർഹത നഷ്ടപ്പെടുന്ന മുറയ്ക്ക് സസ്പെന്റ് ചെയ്യുന്നതിനാവശ്യമായ ഫലപ്രദമായ നടപടികൾ

ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്.

ആസ്തി രജിസ്റ്റർ

ആസ്തി രജിസ്റ്റർ പൂർണ്ണമല്ല. ആസ്തി നിർമ്മാണവും പരിപാലനവുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല. ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിർമ്മിച്ച് ഗ്രാമപഞ്ചായത്തിന് കൈമാറുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

ഭൂനികുതി

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിക്ക് അതത് വില്ലേജ് ഓഫീസുകളിൽ അടിസ്ഥാന ഭൂനികുതി ഒടുക്കാത്തത് അപാകമാണ്.

പുത്തൂർകുന്ന് കുടിവെള്ള പദ്ധതി

തളിപ്പറമ്പ ബ്ലോക്ക്പഞ്ചായത്ത് നിർമ്മിച്ച് ഗ്രാമപഞ്ചായത്തിന് കൈമാറിയ പുത്തൂർകുന്ന് എസ് സി കോളനി കുടിവെള്ള പദ്ധതി നിലവിൽ ഉപയോഗിക്കുന്നില്ല എന്നാണ് സെക്രട്ടറി മറുപടി നല്കിയത്. ആയത് ഉപയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബഡ്സ് സ്കൂൾ

2017-18, 2018-19, 2019-20, 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലായി 32 ലക്ഷത്തിലേറെ രൂപ ചെലവഴിച്ച് നിർമ്മിച്ച ബഡ്സ് സ്കൂൾ നാളിതു വരെ പ്രവർത്തന ക്ഷമമായിട്ടില്ല. തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-10 ഗ്രാമസഭ

2022-23 സാമ്പത്തിക വർഷം 5/22,8/22,9/22,12/22 മാസങ്ങളിലായി നാലു തവണ ഗ്രാമസഭകൾ സമ്മേളിച്ചിട്ടുണ്ട്. 2022-23 വാർഷിക പദ്ധതി നിർദ്ദേശങ്ങൾ അംഗീകരിക്കൽ, 2021-22 വാർഷിക കണക്കുകൾ അംഗീകരിക്കൽ, 2021-22 പെൻഷൻ ഗുണഭോക്തൃലിസ്റ്റ് അവതരണം, 2022-23 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, വാതിൽപ്പടി സേവനം ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, ലൈഫ് ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, ജൽ ജീവൻ മിഷൻ 100% കുടിവെള്ള കണക്ഷൻ പ്രഖ്യാപനം, ഐ എൽ ജി എം എസ് സിറ്റിസൻ പോർട്ടൽ സംബന്ധിച്ച വിശദീകരണം, 2023-24 വാർഷിക പദ്ധതി കരട് നിർദ്ദേശങ്ങൾ അംഗീകരിക്കൽ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, റേഷൻ കട തല വിജിലൻസ് കമ്മറ്റി അംഗീകരിക്കൽ തുടങ്ങിയവയാണ് പ്രധാന അജണ്ടകൾ.

## 1-11 അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നില്ല

സഞ്ചയസോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്തു പരിധിയിൽ 5 അനധികൃത കെട്ടിടങ്ങളാണുള്ളത്.

| ക്രമ നമ്പർ | വാർഡ് /കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 5/17/F (UA) | കണ്ടത്തിൽ രാജൻ |
| 2 | 5/17/G (UA) | കണ്ടത്തിൽ രാജൻ |
| 3 | 5/17/H (UA) | കണ്ടത്തിൽ രാജൻ |
| 4 | 5/17/I (UA) | കണ്ടത്തിൽ രാജൻ |
| 5 | 6/261/B | അസിസ്റ്റന്റ് എഞ്ചിനീയർ , എം.ഐ സെക്ഷൻ |

1. അനധികൃത കെട്ടിടങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചതിന്റെ വിവരം, ഈ കെട്ടിടങ്ങളുടെ ചട്ടലംഘനങ്ങളുടെയും അവ പരിഹരിക്കപ്പെട്ടതിന്റെയും വിശദാംശങ്ങൾ, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

2. അസിസ്റ്റന്റ് എഞ്ചിനീയർ , എം.ഐ സെക്ഷൻ എന്നവരുടെ ഉടമസ്ഥതയിലുള്ള 6/261/B നമ്പർ കെട്ടിടത്തിൽ നിന്നും 2020-21 ഒന്നാം അർദ്ധ വർഷം മുതൽ നികുതി ഈടാക്കിയിട്ടില്ല.

3. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 421 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃതനിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

കേരള പഞ്ചായത്ത് രാജ് ആക്ട് 235 Z പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ മേൽ ചുമത്തേണ്ട പിഴ

സംബന്ധിച്ച് താഴെ പറയുന്ന പ്രകാരം വ്യവസ്ഥ ചെയ്യുന്നു.

ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണമോ പുനർനിർമ്മാണമോ മാറ്റം വരുത്തലോ,
(എ) സെക്രട്ടറിയുടെ അനുവാദം കൂടാതെ ആരംഭിക്കുകയോ,
(ബി) അനുവാദത്തിന് ആധാരമായ സംഗതികൾ അനുസരിച്ചല്ലാതെ നടത്തിക്കൊണ്ടിരിക്കുകയോ പൂർത്തിയാക്കുകയോ,
(സി) ഈ ആക്ടിലെ ഏതെങ്കിലും വ്യവസ്ഥയോ അതിൻ കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിനോ ബൈലോയ്ക്കോ നിയമാനുസൃതം നൽകിയിട്ടുള്ള ഏതെങ്കിലും നിർദ്ദേശത്തിനോ ആവശ്യപ്പെടലിനോ വിരുദ്ധമായിട്ടോ നടത്തിക്കൊണ്ടിരിക്കുകയോ പൂർത്തിയാക്കുകയോ,
(ഡി) തൽസംബന്ധമമായി 235 എൻ വകുപ്പ് പ്രകാരം പുറപ്പെടുവിച്ച നോട്ടീസിൽ ആവശ്യപ്പെട്ടിരിക്കുന്ന മാറ്റമോ കൂട്ടിച്ചേർക്കലോ യഥാവിധി വരുത്താതിരിക്കുകയോ,
(ഇ) തൽസംബന്ധമായി 235 ഡബ്ല്യു വകുപ്പ് പ്രകാരം സെക്രട്ടറി ഏതെങ്കിലും ആളിന് നൽകിയ നിർദ്ദേശം അനുസരിക്കുന്നതിൽ അയാൾ വീഴ്ച വരുത്തുകയോ ചെയ്യുന്ന സംഗതിയിൽ,
കെട്ടിടത്തിന്റെ ഉടമസ്ഥനിൽ നിന്നോ അങ്ങനെയുള്ള ആളിൽ നിന്നോ, അതതു സംഗതിപോലെ, കുറ്റസ്ഥാപനത്തിൻമേൽ, ഒരു കെട്ടിടത്തെ സംബന്ധിച്ചാണെങ്കിൽ പതിനായിരം രൂപ വരെയാകാവുന്ന പിഴയും കുടിലിനെ സംബന്ധിച്ചാണെങ്കിൽ ആയിരം രൂപ വരെ ആകാവുന്ന പിഴയും കുറ്റം തുടർന്ന് പോകുന്ന ഓരോ ദിവസത്തിനും, കെട്ടിടത്തെസംബന്ധിച്ചാണെങ്കിൽ ആയിരം രൂപ വരെയും കുടിലിനെ സംബന്ധിച്ചാണെങ്കിൽ പത്ത് രൂപ വരെയും ആകാവുന്ന അധികം പിഴയും ഈടാക്കാവുന്നതാണ്.
എന്നാൽ, കെട്ടിടത്തിന്റെ നിർമ്മാണമോ പുനർനിർമ്മാണമോ, 235 ഡബ്ല്യു വകുപ്പ് പ്രകാരം ക്രമവത്ക്കരിക്കാവുന്നതും അപ്രകാരം സെക്രട്ടറി ക്രമവത്ക്കരിച്ചിട്ടുള്ളതാണെങ്കിൽ ഈ ഉപവകുപ്പ് പ്രകാരം യാതൊരാളെയും കുറ്റസ്ഥാപനം നടത്താൻ പാടുള്ളതല്ല.

ഇത് പ്രകാരം കെട്ടിടം നിർമ്മാണം ആരംഭിച്ചപ്പോഴോ, കെട്ടിട നിർമ്മാണം നടക്കുന്ന വേളയിലോ ഗ്രാമപഞ്ചായത്തിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.
അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യുന്ന തീയതി മുതൽ മാത്രമാണ് കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ പ്രകാരം വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക ഈടാക്കാനാവുന്നത്. നിയമവിധേയമല്ലാത്ത നിർമ്മാണങ്ങൾ തടയുന്നതിനും സമയബന്ധിതമായ ഇടപെടലുകൾ അത്യാവശ്യമാണ്.
അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നതിലെ വീഴ്ചയുണ്ടായത് സംബന്ധിച്ച് 11/25-10-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കണ്ടത്തിൽ രാജൻ എന്നവരുടെ ഉടമസ്ഥതയിലുള്ള 5/17/F (UA), 5/17/G (UA), 5/17/H (UA),5/17/I (UA) എന്നീ കെട്ടിടങ്ങൾ 2022-23 വർഷം യഥാർത്ഥ നികുതിയുടെ മൂന്നിരട്ടി അടച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് ആക്ട് 235 Z വ്യവസ്ഥ പ്രകാരമുള്ള നടപടിയോ/കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)ലെ വ്യവസ്ഥ പ്രകാരമുള്ള നടപടിയോ സ്വീകരിക്കേണ്ടതാണ്. കെട്ടിട ഉടമയിൽ നിന്നും പിഴ ഈടാക്കുകയോ നോട്ടിസ് നല്കുകയോ ചെയ്യാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി അനധികൃതനിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി നടപടികൾ സ്വീകരിച്ച് തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ബഹുനില വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി- തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ ഉള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്താവുന്നതാണെന്നും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്നും നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിനെ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക്/ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ തറ വിസ്തീർണം 250 ച.മീ-ൽ അധികം വരികയാണെങ്കിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള (മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ Etc. തുടങ്ങിയവ ഉപയോഗപ്പെടുത്തി തറനിർമ്മിതി നടത്തുകയാണെങ്കിൽ) 15% വർദ്ധനവ്(2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ

നികുതിയും സാർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം) വസ്തു നികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഫോം 6 ൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രകാരം ചില കെട്ടിടങ്ങളുടെ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് നികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടില്ല. ഉദാഹരണം താഴെ കൊടുക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | വാർഡ് നമ്പർ/ കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ.) | നിർമ്മാണ വസ്തു |
|---|---|---|---|
| മുസ്തഫ കെ | 15/121 A, B, C, D, E | 265.25 | മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ Etc. |

പ്രസ്തുത വസ്തു നികുതി നിർണ്ണയത്തിൽ തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ ലഭ്യമാകേണ്ടിയിരുന്ന 15% വർദ്ധനവ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച് 13/25-10-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 15/121A,B,C.D, E എന്നീ കെട്ടിടങ്ങൾ ഒറ്റ യൂണിറ്റായി കണക്കാക്കുമ്പോൾ 265.25ച. മീ. ഉള്ളതിനാൽ സഞ്ചയ സോഫ്റ്റ് വെയറിൽ ഓരോ കെട്ടിടങ്ങൾക്കും 100ച. മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം എന്ന ഉപയോഗക്രമം തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നും മൊത്തം ഏരിയ ഒറ്റ യൂണിറ്റായി കണക്കാക്കിയാണ് നികുതിനിർണ്ണയം നടത്തിയിട്ടുള്ളത് എന്നുമാണ് അറിയിച്ചത്.

തറ വിസ്തീർണം 250 ച.മീ-ൽ അധികം വരികയാണെങ്കിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് (2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സാർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം) വസ്തു നികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഈ രീതിയിലുള്ള മുഴുവൻ നിർമ്മാണങ്ങളും പരിശോധിച്ച് തറ നിർമ്മിതിക്കുള്ള വർധനവ് ബാധകമാകുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

## 1-13 കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ - നികുതി വരുമാനം ഉറപ്പുവരുത്തുന്നില്ല.

2016-17, 2017-18 വർഷങ്ങളിലെ കെട്ടിട നിർമ്മാണ പെർമിറ്റുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ചിട്ടുള്ളതും നിലവിൽ പെർമിറ്റ് കാലാവധി അവസാനിച്ചതുമായ ചില വാസഗൃഹങ്ങൾക്ക് കാലാവധി ദീർഘിപ്പിച്ച് നൽകുകയോ കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തുകയോ ചെയ്തിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നമ്പർ / കാലാവധി | അധിക നിർമാണത്തിനായി അനുമതി നൽകിയ തറവിസ്തീർണം (ച.മീ) | സഞ്ചയ പ്രകാരം നികുതി നിർണയിച്ച തറവിസ്തീർണം (ച.മീ) |
|---|---|---|---|---|---|
| 1 | 9/170 | മഹേഷ് | 11950/17-18 31.12.18 To 30.12.21 | GF(existing)- 104 FF(proposed)-54.94 | 104 |
| 2 | 15/218 | വിജയൻ കെ വി | 11331/17-18 13.12.18 To 12.12.21 | GF(existing)-103 FF(proposed)-53.55 | 103 |
| 3 | 7/312 | സീറവളപ്പിൽ ഇബ്രാഹിം | 5343/16-17 20.08.16 To 19.08.19 | GF(existing)-102 FF(proposed)-58.94 | 102 |
| 4 | 7/319 | വിജയനാഥൻ | 4100/17-18 14.06.17 To 13.06.20 | GF(existing)-71 FF(proposed)-77.86 | 71 |
| 5 | 7/519 A | രാഘവൻ | 4062/16-17 06.05.17 To 05.06.20 | GF(existing)-103 FF(proposed)-52.37 | 103 |
| 6 | 13/270 | ശങ്കരനാരായണൻ | 7899/16-17 | GF(existing)-118 | 118 |

| | | | | | |
|---|---|---|---|---|---|
| | A | | 04.11.16 To 03.11.19 | FF(proposed)-109.11 | |
| 7 | 5/178 | രഘുനാഥൻ | 6799/16-17 24.09.16 To 23.09.19 | GF(existing)-5.5 FF(proposed)-56.86 | 10 |
| 8 | 15/151 | അഷ്റഫ് | 6654/16-17 28.09.16 To 27.09.19 | GF(existing)-107 FF(proposed)-80.68 | 107 |

കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് ലഭിച്ച ഇത്തരത്തിലുള്ള കെട്ടിടങ്ങൾക്ക് 2013 മുതൽ ബാധകമായ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്(സഞ്ചയ സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ നിന്നുള്ള റിപ്പോർട്ടുകൾ പ്രകാരം) . കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണത്തിൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്താനുമാവില്ല.
ഇത് സംബന്ധിച്ച് 12/25-10-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ക്രമനമ്പർ 1 മുതൽ 8 വരെ പരാമർശിച്ചിട്ടുള്ളവരുടെ കെട്ടിട നിർമാണം പൂർത്തിയായിട്ടുണ്ടോ, അനധികൃത നിർമാണം നടത്തിയിട്ടുണ്ടോ എന്നത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാർഡ് തലത്തിൽ ക്ലർക്കുമാർ ഫീൽഡ് തല പരിശോധന നടത്തി കൂട്ടിചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നികുതി പുനർ നിർണയം നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതുമാണ്. ക്രമ നമ്പർ 7 ൽ നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം രേഖപ്പെടുത്തിയത് ശരിയാണോ എന്ന് പരിശോധിച്ച് അറിയിക്കേണ്ടതാണ്.

## 1-14 ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

2012 ലെ കേരള പഞ്ചായത്ത്‌രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനോ നടത്തികൊണ്ടുപോകുന്നതിനോ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.

(I) കന്നുകാലി ഫാം : 5 മൃഗങ്ങൾ

(Ii) ആട് ഫാം : 20 മൃഗങ്ങൾ

(Iii) പന്നി ഫാം : 5 മൃഗങ്ങൾ

(Iv) മുയൽ ഫാം : 25 മൃഗങ്ങൾ

(V) പൗൾട്രി ഫാം : 100 പക്ഷികൾ

പഞ്ചായത്തിലെ ലൈവ്സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 6 ഫാമുകൾ മാത്രമാണ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് ലൈസൻസ് എടുത്തിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിലെ വിവിധ കെട്ടിടങ്ങളുടെ ഉപയോഗക്രമങ്ങളും വസ്തുനികുതി ഡിമാന്റും, കളക്ഷനും പരിശോധിച്ചതിൽ (ഫോറം 6) ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഫാമുകൾ നടത്തുന്നതിനായി നിർമ്മിച്ച കൂടുതൽ കെട്ടിടങ്ങൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം. | ഉപയോഗ ക്രമം |
|---|---|---|---|
| 1. | ശ്രീധരൻ | I/1 A<br>1/3 B | കോഴിവളർത്തൽ ഷെഡ് |
| 2. | സുരേഷ് | 2/709 I | ലൈവ്സ്റ്റോക്ക് ഷെഡ് |
| 3. | സി പ്രഭാകർ | 3/254A | ലൈവ്സ്റ്റോക്ക് ഷെഡ് |
| 4. | റിയാസ് | 3/386 F, G | ലൈവ്സ്റ്റോക്ക് ഷെഡ് |

| | | | |
|---|---|---|---|
| 5. | അസ്മാബി | 5/224 A | കോഴിവളർത്തൽ ഷെഡ് |
| 6. | മുഹമ്മദ് | 5/557,558,559,561,564, 566, 567, 568, 569, 570, 571, 572, 573, 574, 575, 579,580, | കോഴിവളർത്തൽ ഷെഡ് |
| 7 | കണിയറക്കൽ പച്ചിന്റെ വളപ്പിൽ ഷാഫി , ഉന്തക്കാച്ചീരകത്ത് അബൂബക്കർ സിദ്ദിഖ് | 6/172 D | കോഴിവളർത്തൽ ഷെഡ് |
| 8 | വിനയൻ | 7/618 B | കോഴിവളർത്തൽ ഷെഡ് |

മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന കെട്ടിടങ്ങളിൽ അനധികൃതമായി ഫാമുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് 30-10-2023 നകം മറുപടി ലഭ്യമാക്കേണ്ടതാണെന്ന് ഓഡിറ്റ് അന്വേഷണം നം.23/27-10-23 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിന് ക്രമ നമ്പർ 8 പ്രകാരമുള്ളയാൾ 2022-23 സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുത്തിട്ടുണ്ടെന്നും, ക്രമ നമ്പർ 1 മുതൽ 7 വരെയുള്ള ഫാമുകൾ സാമ്പത്തിക വർഷം പ്രവർത്തനം നിർത്തി വെച്ചിരിക്കുകയാണെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. സഞ്ചയയിൽ പരിശോധിച്ചപ്പോൾ പ്രസ്തുത ഫാമുകളിൽ നിന്നെല്ലാം വസ്തു നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടുണ്ട് എന്ന് വ്യക്തമാകുന്നു. കൂടാതെ ഈ ഫാമുകൾ പ്രവർത്തനം നിർത്തി എന്നതിന്റെ യാതൊരുവിധ രേഖകളും പഞ്ചായത്തിൽ ലഭ്യമല്ല. ആയതിനാൽ ടി ഫാമുകൾ നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. ഇവ പ്രവർത്തനം തുടരുന്നുണ്ടെങ്കിൽ അടിയന്തരമായി ലൈസൻസ് എടുപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ചട്ടലംഘനത്തിനുള്ള പിഴ ഈടാക്കേണ്ടതുമാണ്. കൂടാതെ മാനദണ്ഡങ്ങൾ പാലിക്കാതെ ഫാമുകൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-15 ക്വാറി, സ്റ്റോൺ ക്രഷർ എന്നിവയുടെ നടത്തിപ്പ്-രേഖകൾ ലഭ്യമാക്കിയിട്ടില്ല

1. ക്വാറി പ്രവർത്തിപ്പിക്കുന്നതിന്/ലൈസൻസ് അനുവദിക്കുന്നതിന്/ലൈസൻസ് പുതുക്കുന്നതിന് ചുവടെ പറയുന്ന അനുമതികൾ അത്യന്താപേക്ഷിതമാണ്.

1) മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി

2) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നുള്ള ക്വാറിംഗ് പെർമിറ്റ്

3) എക്സ്പ്ലോസീവ് ലൈസൻസ്

4) ലൈസൻസുള്ള ബ്ലാസ്റ്ററുടെ സേവനം ലഭ്യമാണെന്നത് സംബന്ധിച്ച രേഖ

5) അഞ്ച് ഹെക്ടറിൽ താഴെയുള്ള ഭൂമിയിൽ ക്വാറി നടത്തുന്നതിന് സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയിൽ നിന്നുള്ള അനുമതിയും, അഞ്ച് ഹെക്ടറിൽ കൂടുതലുള്ള ഭൂമിയിൽ ക്വാറി നടത്തുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതിയും ആവശ്യമാണ്.

1. FTE & OS ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിൽ ശ്രീ. എൻ കൃഷ്ണൻ എന്നവരുടെ ഉടമസ്ഥതയിലുള്ള ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 2022-23 സാമ്പത്തികവർഷം പ്രവർത്തിക്കുന്നതിന് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനത്തിന് ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

2. ശ്രീ. പിവി ശശിധരൻ എന്നവരുടെ ഉടമസ്ഥതയിലുള്ള 15/408,409 നമ്പർ സ്ഥാപനത്തിന് സ്റ്റോൺ ക്രഷർ നടത്തുന്നിന് ലൈസൻസ് നൽകിയിട്ടുണ്ട്.
3. ശ്രീ. കെ ആലിക്കുഞ്ഞ് എന്നവരുടെ ഉടമസ്ഥതയിലുള്ള 8/141 B നമ്പർ സ്ഥാപനത്തിന് സ്റ്റോൺ ക്രഷർ നടത്തുന്നിന് ലൈസൻസ് നൽകിയിട്ടുണ്ട്.

മേൽ സ്ഥാപനങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുമുള്ള അനുമതി, മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നുള്ള അനുമതി എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (16/26.10.23) മറുപടിയോടൊപ്പം ക്രമ നമ്പർ ഒന്നിൽ സൂചിപ്പിച്ച ക്വാറിയുടെ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതിയും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ

നിന്നുള്ള ക്വാറിംഗ് പെർമിറ്റും ലഭ്യമാക്കിയിട്ടുണ്ട്. മറ്റു രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.
സ്റ്റോൺ ക്രഷർ നടത്തുന്ന സ്ഥാപനങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുമുള്ള അനുമതി, മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നുള്ള അനുമതി എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
കടന്നപ്പള്ളി പാണപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തിലെ സ്റ്റാറ്റസ് റിപ്പോർട്ടിലെ വിവരങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ അഞ്ച് ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ ഒരു ക്വാറി മാത്രമെ ലൈസൻസ് എടുത്തിട്ടുള്ളു. ബാക്കിയുള്ളവ അനധികൃതമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

2022-23 വർഷം താഴെപ്പറയുന്നവർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.
1. മാടായി കോപ്പറേറ്റീവ് റൂറൽ ബാങ്ക് – എടക്കോം -ബ്രാഞ്ച് മാനേജർ അനിൽ കെ, ജൂനിയർ ക്ലർക്ക് എം.ബാബു, പ്യൂൺ സതീശൻ, കളക്ഷൻ ഏജന്റ് പി രതീഷ്, അജിത ടി എന്നിവരുടെ രണ്ടാം അർദ്ധ വർഷത്തിലെ തൊഴിൽ നികുതി
2. പരിയാരം മെഡിക്കൽ കോളേജിലെ താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നമ്പർ | പേര്, | തസ്തിക | മറുപടി |
|---|---|---|---|
| 1 | ഡോ: അശ്വതി മുകുന്ദൻ | സീനിയർ റസിഡന്റ് | നോട്ടീസ് അയച്ച് വരുന്നു |
| 2 | ഡോ: റിഷ്ന രവീന്ദ്രൻ | സീനിയർ റസിഡന്റ് | നോട്ടീസ് അയച്ച് വരുന്നു |
| 3 | ഡോ: ശരവണ രവീന്ദ്രൻ | സീനിയർ റസിഡന്റ് | നോട്ടീസ് അയച്ച് വരുന്നു |
| 4 | ഡോ: സുധാകരൻ കെ | സീനിയർ റസിഡന്റ് | നോട്ടീസ് അയച്ച് വരുന്നു |
| 5 | ഡോ: ശ്രുതി പി | സീനിയർ റസിഡന്റ് | നോട്ടീസ് അയച്ച് വരുന്നു |
| 6 | ഡോ: ശ്രീരാഗ് | സീനിയർ റസിഡന്റ് | നോട്ടീസ് അയച്ച് വരുന്നു |
| 7 | ഗംഗാധരൻ കെ | സീനിയർ റസിഡന്റ് | നോട്ടീസ് അയച്ച് വരുന്നു |
| 8 | ഡോ: അനൂപ് എം | സീനിയർ റസിഡന്റ് | നോട്ടീസ് അയച്ച് വരുന്നു |
| 9 | ഡോ: ഹരിദാസ് | സീനിയർ റസിഡന്റ് | നോട്ടീസ് അയച്ച് വരുന്നു |
| 10 | ഡോ: ഷറീൻ | ജൂനിയർ റസിഡന്റ് | നോട്ടീസ് അയച്ച് വരുന്നു |
| 11 | ഡോ: മുഹമ്മദ് കുഞ്ഞി | ജൂനിയർ റസിഡന്റ് | നോട്ടീസ് അയച്ച് വരുന്നു |
| 12 | ഡോ: സായികൃഷ്ണ | സീനിയർ റസിഡന്റ് | നോട്ടീസ് അയച്ച് വരുന്നു |
| 13 | ഡോ: അനുശ്രീ ഇ വി | ജൂനിയർ റസിഡന്റ് | നോട്ടീസ് അയച്ച് വരുന്നു |
| 14 | ഡോ: മഞ്ജു | സീനിയർ റസിഡന്റ് | നോട്ടീസ് അയച്ച് വരുന്നു |
| 15 | ഡോ: രാജീവ് ആർ | സീനിയർ റസിഡന്റ് | നോട്ടീസ് അയച്ച് വരുന്നു |
| 16 | ഡോ: സുമി | സീനിയർ റസിഡന്റ് | നോട്ടീസ് അയച്ച് വരുന്നു |
| 17 | ഡോ: അഞ്ജു വേണു | സീനിയർ റസിഡന്റ് | നോട്ടീസ് അയച്ച് വരുന്നു |
| 18 | ഡോ: രേഷ്മ ദേവി | സീനിയർ റസിഡന്റ് | നോട്ടീസ് അയച്ച് വരുന്നു |
| 19 | ഡോ: ദിൻഷ സി | സീനിയർ റസിഡന്റ് | നോട്ടീസ് അയച്ച് വരുന്നു |
| 20 | ഡോ: രേഷ്മ എ എ | സീനിയർ റസിഡന്റ് | നോട്ടീസ് അയച്ച് വരുന്നു |
| 21 | ഡോ: ഫാത്തിമ ബീവി | സീനിയർ റസിഡന്റ് | നോട്ടീസ് അയച്ച് വരുന്നു |

| | | | |
|---|---|---|---|
| 22 | ദീപ്തി ടി എം | റിസപ്ഷണിസ്റ്റ് | നോട്ടീസ് അയച്ച് വരുന്നു |
| 23 | സുഗന്ധി എസ് | റിസപ്ഷണിസ്റ്റ് | നോട്ടീസ് അയച്ച് വരുന്നു |
| 24 | പ്രമീല പി | റിസപ്ഷണിസ്റ്റ് | നോട്ടീസ് അയച്ച് വരുന്നു |
| 25 | രമ്യ എൻ | റിസപ്ഷണിസ്റ്റ് | നോട്ടീസ് അയച്ച് വരുന്നു |
| 26 | സിന്ധു ഇ പി | റിസപ്ഷണിസ്റ്റ് | നോട്ടീസ് അയച്ച് വരുന്നു |
| 27 | മിനി പി ജി | റിസപ്ഷണിസ്റ്റ് | നോട്ടീസ് അയച്ച് വരുന്നു |
| 28 | പ്രിയ കെ കെ | റിസപ്ഷണിസ്റ്റ് | നോട്ടീസ് അയച്ച് വരുന്നു |
| 29 | ശരുതി കുമാരി കെ പി | റിസപ്ഷണിസ്റ്റ് | നോട്ടീസ് അയച്ച് വരുന്നു |
| 30 | ഫാസില എം | റിസപ്ഷണിസ്റ്റ് | നോട്ടീസ് അയച്ച് വരുന്നു |
| 31 | ശ്യാമള | ക്ലീനിംഗ് സ്റ്റാഫ് | നോട്ടീസ് അയച്ച് വരുന്നു |
| 32 | തങ്കമണി | ഹൗസ് കീപ്പിംഗ് | നോട്ടീസ് അയച്ച് വരുന്നു |

3. ഗവ: ആയുർവേദ കോളേജിലെ താഴെപ്പറയുന്ന ജീവനക്കാരുടെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നമ്പർ | പേര്, | തസ്തിക | മറുപടി |
|---|---|---|---|
| 1 | സുമ കെ പി | സാനിറ്റേഷൻ വർക്കർ | നോട്ടീസ് അയച്ച് വരുന്നു |
| 2 | ഷിബ കെ | സാനിറ്റേഷൻ വർക്കർ | നോട്ടീസ് അയച്ച് വരുന്നു |
| 3 | ഉഷ കുമാരി | സാനിറ്റേഷൻ വർക്കർ | നോട്ടീസ് അയച്ച് വരുന്നു |
| 4 | വൽസല പി ടി | സാനിറ്റേഷൻ വർക്കർ | നോട്ടീസ് അയച്ച് വരുന്നു |
| 5 | സീമ പി പി | സാനിറ്റേഷൻ വർക്കർ | നോട്ടീസ് അയച്ച് വരുന്നു |

4. പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിലെ ജീവനക്കാരുടെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി

| ക്രമ നമ്പർ | പേര്, | തസ്തിക | മറുപടി |
|---|---|---|---|
| 1 | നൗഫൽ അനിലത്ത് | ഓഫീസർ | നോട്ടീസ് അയച്ച് വരുന്നു |
| 2 | സുരേഷ് | ഓഫീസർ | നോട്ടീസ് അയച്ച് വരുന്നു |
| 3 | ദിനേശൻ കെ വി | സാനിറ്റേഷൻ വർക്കർ | നോട്ടീസ് അയച്ച് വരുന്നു |
| 4 | ലത കെ വി | സാനിറ്റേഷൻ വർക്കർ | നോട്ടീസ് അയച്ച് വരുന്നു |

5. താഴെപ്പറയുന്ന കരാർ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി

| ക്രമ നമ്പർ | പേര് | മറുപടി |
|---|---|---|
| 1 | ദാമോദരൻ കെ | നോട്ടീസ് അയച്ച് വരുന്നു |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 38/30.10.23) മുകളിൽ പറഞ്ഞ പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്. മേൽ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ചവരുടെയും വിട്ടുതൽ ചെയ്തവരെയും രജിസ്റ്ററിൽ നിന്ന് ഒഴിവാക്കുകയോ ആയത് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കേണ്ടതും നികുതി അടക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-17 എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും

## തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും ബിസ്സിനസ്സ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം 204ാം വകുപ്പ്, 1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം3,4 എന്നിവ അനുശാസിക്കുന്നു. എന്നാൽ കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തിലെ ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവയ്ക്കായുള്ള ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ലൈസൻസ് ലഭിച്ചതും ഒന്നിൽക്കൂടുതൽ പേർ ജീവനക്കാരുള്ളതുമായ ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വ്യാപാരം | സ്ഥാപന ഉടമയുടെ പേര് | വാർഡ് /കെട്ടിട നമ്പർ | ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയതു പ്രകാരമുള്ള തൊഴിലാളികളുടെ എണ്ണം |
|---|---|---|---|---|
| 1 | ഗ്യാസ് ഗോഡൗൺ | സുമയ്യ | 4/14 A | 4 |
| 2 | ക്ലിനിക്ക് | ദൃശ്യ | 9/17 V,U | 3 |
| 3 | ഹോമിയോ ക്ലിനിക്ക് | ഭാസ്കരൻ | 4/463 | 2 |
| 4 | ഹാർഡ്‌വേർ ഷോപ്പ് | സെക്രട്ടറി പിലാത്തറ കോ-ഓപ്പറേറ്റീവ് ബാങ്ക് അർബൻ സൊസൈറ്റി | 8/290 B C | 2 |
| 5 | ഫർണിച്ചർ നിർമ്മാണം | മാധവൻ | 14/273 | 2 |
| 6 | ടൈലറിംഗ് | ശ്രീജ | 5/17 C | 5 |
| 7 | മെഡിക്കൽ ബയോലാബ് | വിൽസൺ. സി | 7/26 | 2 |
| 8 | പലചരക്ക് കട | അബ്ദുൾ ഹക്കിം | 4/450,451, 452, 453 | 3 |
| 9 | വസ്ത്ര വ്യാപാരം | പ്രിട്ട. എം | 13/437, 439 | 3 |
| 10 | ഫർണ്ണിച്ചർ നിർമ്മാണം | രമേശൻ | 2/605 B | 2 |

| | | | | |
|---|---|---|---|---|
| 11 | മരമില്ല് | പ്രമോദ് | 14/422 | 6 |
| 13 | ഹോട്ടൽ | സുധാകരൻ കെ | 2/184 | 2 |
| 15 | വാട്ടർ സർവീസ് | വസന്ത | 13/571 F | 4 |
| 16 | ഇലക്ട്രോണിക്സ് ഷോപ്പ് | പ്രസീത പി | 4/402 A | 2 |
| 17 | സ്റ്റേഷണറി | ഷാക്കീബ് | 12/603 B | 3 |
| 18 | ഹോട്ടൽ | രഞ്ജിനി | 10/108 | 4 |
| 20 | സ്പ്രേ പെയിന്റിംഗ് | ഷിബു ആർ | 12/327 | 3 |
| 21 | ഇന്റർലോക്ക് | സുരേശൻ | 4/26 C | 4 |

ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടു കൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (38/30.10.2023) നൽകിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞിരിക്കുന്ന പട്ടികയിൽ ഏതാനും ഉദാഹരണങ്ങൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. നികുതി അടക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 വസ്തുനികുതി അപാകങ്ങൾ

കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിൽ 2022-23 കാലയളവിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയയിൽ പരിശോധിച്ചപ്പോൾ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തമാണ് എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സ്ഥാപന വിവരം | വാർഡ്/ കെട്ടിട നമ്പർ | സഞ്ചയയിൽ രേഖപ്പെടുത്തിയ ഉപയോഗക്രമം | മറുപടി |
|---|---|---|---|---|---|
| 19 | സെക്രട്ടറി, കേരള ഫുഡ് ഹൗസ് ആന്റ് കാറ്ററിംഗ് | കാറ്ററിംഗ് | 12/713 | പാർപ്പിടാവശ്യം | ലൈസൻസ് രജിസ്ററിൽ കെട്ടിട നമ്പർ തെറ്റായി രേഖപ്പെടുത്തിയതാണ് |
| 75 | കരുണാകരൻ | ടൈലറിംഗ് | 5/144 | പാർപ്പിടാവശ്യം | ലഭ്യമാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 101 | കെ ഗീത | ഫ്ലോർമിൽ | 14/411 A | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്റ്റ്, 2006(2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | രേഖകൾ ഹാജരാക്കി യെന്ന് മറുപടി നല്കിയിട്ടു ണ്ടെങ്കിലും ഹാജരാക്കി യിട്ടില്ല |
| 116 | നാരായണൻ | ഹോട്ടൽ | 10/278 | പാർപ്പിടാവശ്യം | ലൈസൻസ് രജിസ്ററിൽ കെട്ടിടനമ്പർ തെറ്റായി രേഖപ്പെടുത്തി |
| 124 | സുരേഷ് പി ആർ | ഹോട്ടൽ | 10/308 | പാർപ്പിടാവശ്യം | ലൈസൻസ് രജിസ്ററിൽ കെട്ടിടനമ്പർ തെറ്റായി രേഖപ്പെടുത്തി |
| 126 | കെ എം മുഹമ്മദ് ഷാമിൽ | മെസ്സ് നടത്തുന്നത് | 12/663 | പാർപ്പിടാവശ്യം | ഉപയോഗക്രമം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരി ക്കുന്നതാണ്. |
| 135 | ശ്യാംലാൽ കെ | കമ്പ്യൂട്ടർ സർവീസ് സെന്റർ | 10/74 | പാർപ്പിടാവശ്യം | ലൈസൻസ് രജിസ്ററിൽ കെട്ടിടനമ്പർ തെറ്റായി രേഖപ്പെടുത്തി |
| 138 | പി.കെ സഹചിത്രൻ | ബേബി ജല്ലിപ്പൊടി നിർമാണം | 4/426 A | ഓഫീസ് ആവശ്യത്തിന് | ഉപയോഗക്രമം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരി ക്കുന്നതാണ്. |
| 151 | വി വി സിദ്ദീഖ് | പലചരക്ക് കട | 10/224 | ഓഫീസ് ആവശ്യത്തിന് | ഉപയോഗക്രമം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരി ക്കുന്നതാണ്. |
| 155 | മുകുന്ദൻ | ഫുഡ് പ്രോഡക്ട്സ് | 9/463 A | വ്യവസായാവശ്യത്തിനുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | ഉപയോഗക്രമം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കു ന്നതാണ്. |
| 160 | അഖിൽ കെ എം | ഇലക്ട്രോണിക്സ് | 14/422 | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ്മെൻറ് ആക്റ്റ്,2006(2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത | രേഖകൾ ഹാജരാക്കുന്നു എന്ന് മറുപടി നല്കിയെങ്കിലും |

| | | | | | |
|---|---|---|---|---|---|
| | | | | വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | ഹാജരാക്കിയിട്ടില്ല |
| 163 | ഷീജ കെ പി | ഹോട്ടൽ | 2/318 | പാർപ്പിടാവശ്യം | ലൈസൻസ് രജിസ്ററിൽ കെട്ടിട നമ്പർ തെറ്റായി രേഖപ്പെടുത്തി |
| 166 | ചന്ദ്രൻ | പലചരക്ക് കട | 2/265 | പാർപ്പിടാവശ്യം | ലൈസൻസ് രജിസ്ററിൽ കെട്ടിടനമ്പർ തെറ്റായി രേഖപ്പെടുത്തിയതാണ് |
| 168 | സിദ്ദീഖ് | ലൈററ് ആന്റ് സൗണ്ട് | 2/264 | കാർഷികാവശ്യത്തിന് | ലൈസൻസ് രജിസ്ററിൽ കെട്ടിടനമ്പർ തെറ്റായി രേഖപ്പെടുത്തിയതാണ് |
| 201 | രാജീവ് | റബ്ബർ വ്യാപാരം | 8/32 | ഓഫീസ് ആലശ്യത്തിന് | ലൈസൻസ് രജിസ്ററിൽ കെട്ടിടനമ്പർ തെറ്റായി രേഖപ്പെടുത്തിയതാണ് |
| 204 | എ പി കുഞ്ഞപ്പൻ | ഫ്ലോർമിൽ | 7/509 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | ഉപയോഗക്രമം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| 226 | ദീലീപ് പി വി | അലൂമിനിയം ഫാബ്രിക്കേഷൻ | 10/423 | പാർപ്പിടാവശ്യം | ലൈസൻസ് രജിസ്ററിൽ കെട്ടിടനമ്പർ തെറ്റായി രേഖപ്പെടുത്തിയതാണ് |
| 237 | സരിത ടി | ബേക്കറി | 2/418 A | കാർഷികാവശ്യത്തിന് | ലൈസൻസ് രജിസ്ററിൽ കെട്ടിടനമ്പർ തെറ്റായി രേഖപ്പെടുത്തിയതാണ് |
| 238 | സുരേശൻ കെ പി | ബേക്കറി | 5/441 C | പാർപ്പിടാവശ്യം | ലൈസൻസ് രജിസ്ററിൽ കെട്ടിടനമ്പർ തെറ്റായി രേഖപ്പെടുത്തിയതാണ് |

| | | | | | |
|---|---|---|---|---|---|
| 248 | കൃഷ്ണൻ | അനാദി ക്കച്ചവടം | 5/464 A | പാർപ്പിടാവശ്യം | ഉപയോഗക്രമം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കു ന്നതാണ്. |
| 251 | കെ വിനോദ് കുമാർ | കാന്റീൻ | 12/584 | വിദ്യാഭ്യാസം | ഉപയോഗക്രമം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കു ന്നതാണ്. |
| 416 | ആദിത്യ സുഭാഷ് | മെസ്സ് | 12/616 | പാർപ്പിടാവശ്യം | ഉപയോഗക്രമം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കു ന്നതാണ്. |
| 353 | കുഞ്ഞിരാമൻ സി വി | മെസ്സ് | 12/664 | പാർപ്പിടാവശ്യം | ഉപയോഗക്രമം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കു ന്നതാണ്. |

2. എഫ്.ടി.ഇ & ഒ.എസ് ലൈസൻസെടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളുടെ വിവരം സഞ്ചയസോഫ്റ്റ്‌വെയറിൽ ലഭ്യമല്ല

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സ്ഥാപന വിവരം | വാർഡ്/കെട്ടിട നമ്പർ | മറുപടി |
|---|---|---|---|---|
| 23 | ഉമേശൻ എ | എൽ പി ജി ഗോഡൗണ് | 11/206/ 2 A | |
| 29 | സുമിത്രൻ കെ പി | ഫർണിച്ചർ നിർമാണം | 10/499 | ലൈസൻസ് രജിസ്ററിൽ കെട്ടിട നമ്പർ തെറ്റായി രേഖപ്പെടുത്തി |
| 54 | ജോസഫ് | ഫർണിച്ചർ നിർമാണം | 8/8/1 K | ലൈസൻസ് രജിസ്ററിൽ കെട്ടിട നമ്പർ തെറ്റായി രേഖപ്പെടുത്തി |
| 67 | അബ്ദുൽ ജലീൽ | പച്ചക്കറി വില്പന | 4/41 A | ലൈസൻസ് രജിസ്ററിൽ കെട്ടിട നമ്പർ തെറ്റായി രേഖപ്പെടുത്തി |
| 81 | മുഹമ്മദ് ജാബിർ കെ | സ്റ്റേഷണറി | 1/177 A 15 | ലൈസൻസ് രജിസ്ററിൽ കെട്ടിട നമ്പർ തെറ്റായി രേഖപ്പെടുത്തി |
| 108 | മൈമുനത്ത് | ഗാർമെന്റ്സ് | 1/747 | ലൈസൻസ് രജിസ്ററിൽ കെട്ടിട നമ്പർ തെറ്റായി രേഖപ്പെടുത്തി |
| 154 | കമലാക്ഷി | ഹോട്ടൽ | 1/190 | ലൈസൻസ് രജിസ്ററിൽ കെട്ടിട നമ്പർ തെറ്റായി രേഖപ്പെടുത്തി |
| 158 | പി പി കുഞ്ഞികൃഷ്ണൻ | പലചരക്ക് കട | 12/400B | ലൈസൻസ് രജിസ്ററിൽ കെട്ടിട നമ്പർ തെറ്റായി |

| | | | | |
|---|---|---|---|---|
| | | | | രേഖപ്പെടുത്തി |
| 159 | അമ്പിളി ജോൺസൺ | പ്ലൈവുഡ് നിർമാണം വില്പന | 8/55A3 | ലൈസൻസ് രജിസ്ററിൽ കെട്ടിട നമ്പർ തെറ്റായി രേഖപ്പെടുത്തി |
| 184 | ബാബുരാജൻ | ഇന്റർലോക്ക് നിർമാണം | 4/26 C | ലൈസൻസ് രജിസ്ററിൽ കെട്ടിട നമ്പർ തെറ്റായി രേഖപ്പെടുത്തി |
| 210 | പി വി സദാനന്ദൻ | ആയുർവേദ മരുന്ന് വില്പന | 9/52B | ലൈസൻസ് രജിസ്ററിൽ കെട്ടിട നമ്പർ തെറ്റായി രേഖപ്പെടുത്തി |
| 253 | കൃഷ്ണൻ | സൂപ്പർ മാർക്കറ്റ് | 13/381 B | ലൈസൻസ് രജിസ്ററിൽ കെട്ടിട നമ്പർ തെറ്റായി രേഖപ്പെടുത്തി |

മുഴുവൻ കെട്ടിടങ്ങളുടെയും കെട്ടിട നമ്പർ ലൈസൻസ് രജിസ്റ്ററിൽ തെറ്റായി രേഖപ്പെടുത്തിയതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

ഉപയോഗ ക്രമം സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.15/26.10.23) എൻക്വയറിയിൽ പ്രതിപാദിച്ച കെട്ടിടങ്ങളുടെ അപേക്ഷയിൽ കെട്ടിട നമ്പർ രേഖപ്പെടുത്തിയപ്പോൾ തെറ്റ് വന്ന പോയതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുമ്പോൾ ആയതിന്റെ കൃത്യത പരിശോധിക്കേണ്ടതും ലൈസൻസ് ഫീ ഡിമാൻഡ് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ അതീവ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

കെട്ടിടങ്ങളുടെ ഉപയോഗക്രമം സംബന്ധിച്ച് ഫീൽഡ് പരിശോധന റിപ്പോർട്ട് സമർപ്പിക്കേണ്ടതും ഉപയോഗക്രമം വ്യത്യസ്തമാണെങ്കിൽ ആയതിനനുസൃതമായ വസ്തു നികുതി കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ക്രമ നമ്പർ 101, 160 മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ്മെൻറ് ആക്റ്റ്, 2006 പ്രകാരം രജിസ്റ്റർ ചെയ്തതാണെന്ന് കാണിക്കുന്ന രേഖകൾ ഹാജരാക്കി എന്ന് മറുപടിയിൽ പറഞ്ഞിട്ടുണ്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതും ഉപയോഗക്രമത്തിൽ വ്യത്യാസം വന്ന മറ്റ് കെട്ടിടങ്ങളുടെ ഉപയോഗക്രമം ശരിയാക്കി വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതുമാണ്.

## 1-19 കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിലെ അപാകം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ വിവിധ കെട്ടിടങ്ങൾക്ക് താഴെ പറയുന്ന നിരക്കിലാണ് നികുതി കണക്കാക്കേണ്ടത്.

| ക്രമ നം | ഇനം | നിരക്ക് / ച.മീ |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 M2 വരെ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 30 |

| | | |
|---|---|---|
| 2 | വാണിജ്യാവശ്യത്തിനുള്ള 100 M2 ന മുകളിൽ വിസ്തീർണ്ണം ഉള്ള ഹോട്ടൽ,<br>റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 50 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 M2 വരെ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്,<br>ഷോപ്പിംഗ് മാളുകൾ | 30 |
| 4 | വാണിജ്യാവശ്യത്തിനുള്ള 200 M2 ന മുകളിൽ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്,<br>ഷോപ്പിംഗ് മാളുകൾ | 70 |

വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്റർ, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉമസ്ഥന്റെ പേര് | കെട്ടിട നമ്പർ | പ്ലിന്ത് ഏരിയ (ച.മീ) | നിർണ്ണയിച്ച നികുതി (₹/M2) |
|---|---|---|---|---|
| 1 | നരിക്കോടൻ മൻസൂറ | 15/353 B,C,D, | 60+70++15.31<br>ആകെ : 145.31 | 30 |
| 2 | ജോഷി ഇടച്ചേരിയൻ( | 12/312 A To F | 71.14+13.76+13.76+13.76+111.42+17.17<br>ആകെ -241.01 | (12/312 A,B,C,D,F 30 രൂപ നിരക്കിലും 12/312 E 50 രൂപ നിരക്കിലും) |
| 3 | ഇഞ്ചക്കുടി നെജീന | 12/344 D | ആകെ - 299 | 50 |
| 4 | വേളാപുരത്ത് മുഹമ്മദ് | 12/344 E,F | 751.62+50.52<br>ആകെ - 802.14 | 50 |
| 5 | പ്രിൻസിപ്പാൾ ഗവൺമെന്റ് മെഡിക്കൽ കോളേജ് കണ്ണൂർ | 12/603 A To G | 486+38+18.7+17.5+26+12+20.9<br>ആകെ - 619.1 | (12/603 A 50 രൂപ നിരക്കിലും B,C,D,E,F,G 30 രൂപ നിരക്കിലും) |
| 6 | പ്രിൻസിപ്പാൾ ഗവൺമെന്റ് മെഡിക്കൽ കോളേജ് കണ്ണൂർ | 12/642 | ആകെ - 1540 | 50 |
| 7 | നരിക്കോടൻ അബ്ദുൽജലീൽ | 1/23 A, A1, A2, A3, A4, A5 | 23.8+23.8+23.8+23.8+23.8+20<br>ആകെ - 139 | (1/23 A, A1, A2, A3, A4 50 രൂപ നിരക്കിലും 1/23 A5 |

| | | | | |
|---|---|---|---|---|
| | | | | 30 രൂപ നിരക്കിലും) |
| 8 | രാമപുരത്ത് കൊടക്കൽ അഞ്ചാം പുരയിൽ പ്രദീപ് | 1/26 B,C, D, E,F, H G P L K J I M N O | 38.33+21.41+21.11+21.11+32+ 15.57+31+36+14.76 +31.13+15.79+56.02+16.9 ആകെ - 351.13 | (1/26 B C D E വരെ 30 രൂപ നിരക്കിലും 1/26 F, H G P L K J I M N O 50 രൂപ നിരക്കിലും) |
| 9 | കദീജ | 1/56, 57, 58, 59, 60, 61, 62, 63, 64 | 11+14+29+11+16+14+8+17+25 ആകെ - 145 | 30 |

മേൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (14/25.10.23) ലഭ്യമാക്കിയ മറുപടിയിൽ ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. മേൽപട്ടികയിലെ കെട്ടിടങ്ങളിൽ നിന്ന് തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള നിരക്കിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയ പരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

## 1-20 തനത് വരുമാനം-ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി സംബന്ധിച്ച അവലോകനം.

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം സംബന്ധിച്ച നിലവിലെ സ്ഥിതികൾ അവലോകനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള നടപടികളും തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങളും ചുവടെ കൊടുക്കുന്നു.

01-04-2022 മുതൽ 31-03-2023 വരെ കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 15 യോഗങ്ങൾ ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ വസ്തു നികുതി സംബന്ധിച്ചും വസ്തു നികുതി പുരോഗതി സംബന്ധിച്ചും ചർച്ച ചെയ്തിട്ടുണ്ട്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

I. വസ്തു നികുതി

സ.ഉ(കൈ)നം.77/2023/തസ്വഭവ, 22-03-2023 പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശം പാലിച്ച് പുതിയ വസ്തു നികുതി നിരക്കുകളുടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് (3(1)/13-07-2023). നിലവിൽ പുതിയ നിരക്കിൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേഖലാ വിഭജനം പുനർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.കണ്ണൂർ ഗവ: മെഡിക്കൽ കോളേജിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട ഫീൽഡ് പരിശോധന ആരംഭിച്ചിട്ടില്ല. അനധികൃത നിർമ്മാണങ്ങൾ , ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ, ടർഫുകൾ , മറ്റ് ചട്ടലംഘനങ്ങൾ എന്നിവ കണ്ടെത്തി ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് തനത് വരുമാനം വർധിപ്പിക്കുന്നതിനും , നിയമലംഘനം തടയുന്നതിനും ഫീൽഡ് പരിശോധനയിൽ പ്രാധാന്യം നല്കേണ്ടതാണ്.

കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം

ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. 01-06-2022 ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം വരവിനങ്ങളുടെ കുടിശ്ശികയും, കുടിശ്ശിക കാലയളവും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

II. അനധികൃത നിർമാണം

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർ നടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി എടുക്കുന്നില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നില്ല. ഇത്തരത്തിൽ തനത് വരുമാനവർദ്ധനവിനുതകുന്ന നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ആയതിന്മേൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 421 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃതനിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

III. സേവന ഉപനികുതി

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പ് പ്രകാരം സേവനഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപപ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ഏർപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

IV. തൊഴിൽനികുതി.

കടനപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തിലെ ഫാക്ടറികൾ,വ്യാപാരങ്ങൾ, സംരംഭങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവയ്ക്കായുള്ള ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ലൈസൻസ് ലഭിച്ച ഒന്നിൽക്കൂടുതൽ പേർ ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കാത്ത കേസുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ നികുതിക്ക് വിധേയമായ വരുമാന പരിധിയിൽ വരുന്ന ആരും തന്നെ നികുതി ഒടുക്കാതെ ഒഴിവായിപ്പോകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

V. FTE&OS (Factory, Traders, Enterprenurship & Other Services) ലൈസൻസ്

FTE&OS ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കുന്നതെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച സർക്കാരിന്റെ സ.ഉ (കൈ) നം. 84/22 തസ്വഭവ തീയതി 19-04-2022 ഉത്തരവ് ഖണ്ഡിക 5.1 ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിതശ്രമം നടത്തേണ്ടതാണ്.

## 1-21 ശമ്പള പരിഷ്കരണ കുടിശ്ശിക , ക്ഷാമബത്ത കുടിശ്ശിക വിതരണം- രേഖകൾ ഹാജരാക്കിയിട്ടില്ല- 89,344രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിൽ 18.12.2019 മുതൽ 09.06.2020 വരെ സെക്രട്ടറി ആയിരുന്ന ശ്രീ.ടി.വി ബാലകൃഷ്ണൻ എന്നവരുടെ പ്രസ്തുത കാലയളവിലെ ക്ഷാമബത്ത കുടിശ്ശികയും GO(P) NO.17/2021 FIN. DATED 10.02.2021 പ്രകാരമുള്ള ശമ്പള പരിഷ്കരണ കുടിശ്ശികയും അനുവദിക്കുന്നതിനായി ടിയാന്റെ 21.02.2022ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പ്രകാരം കുടിശ്ശിക അനുവദിച്ചിട്ടുണ്ട്.

| ഇനം | തുക | വൗച്ചർ നം.തീയ്യതി |
|---|---|---|
| ശമ്പള കുടിശ്ശിക (01.12.2019 മുതൽ 30.06.2020 വരെ) | 47104 | 22200563/26-10-2022 |
| ക്ഷാമബത്ത കുടിശ്ശിക (01.12.2019 മുതൽ 30.06.2020 വരെ) | 42240 | 22200564/26-10-2022 |
| | 89,344 | |

ടിയാന് നല്കിയ കുടിശ്ശികയിൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിട്ടില്ലാത്ത കാലയളവിൽ (01.12.2019 മുതൽ 17.12.19 വരെയും 10.06.2020 മുതൽ 30.06.2020 വരെയും) ഉള്ള കുടിശ്ശികയും ഉൾപ്പെടുന്നു. ഡിസംബർ 2019 (17.12.19 വരെ) , ജൂൺ 2020 മാസങ്ങളിലെ ക്ഷാമബത്ത കുടിശ്ശികയും ശമ്പള കുടിശ്ശികയും പ്രസ്തുത കാലയളവിൽ ജോലി ചെയ്തിരുന്ന പഞ്ചായത്തുകളിൽ നിന്നും അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം, മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിൽ നിന്നും കുടിശ്ശിക കണക്കാക്കിയതുമായി ബന്ധപ്പെട്ട പത്രികകളുടെ പകർപ്പ് എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 32/28.10.23) വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിലേക്ക് കത്ത് നല്കിയിട്ടുണ്ട് എന്നാണ് മറുപടി നല്കിയത്. രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 89,344രൂപയുടെ ചെലവ് തടസത്തിൽ വയ്ക്കുന്നു. കുടിശ്ശിക വിതരണത്തിൽ ഇരട്ടിപ്പ് വന്നിട്ടില്ല എന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് പ്രവർത്തന ചെലവ് നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല-₹30000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് പ്രവർത്തന ചെലവ്, ഐ ടി കം ടെക്നിക്കൽ എക്സ്പർട്ട് വേതനം എന്നീയിനങ്ങളിലായി 2022-23 വർഷത്തിലെ വിഹിതമായ 30000 രൂപ വൗച്ചർ നമ്പർ 22201047/21-03-2023 പ്രകാരം പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് -5 ന് നൽകിയിട്ടുണ്ട്.പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (09/25-10-2023) മറുപടിയിൽ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്തതിനാൽ ₹30000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 പൊതു ശ്മശാനങ്ങളിൽ ഉള്ള കുഴൽക്കിണറുകൾക്ക് ഹാൻഡ് പമ്പ് സ്ഥാപിക്കൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല ₹162000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ പൊന്നച്ചേരി, പാണപ്പുഴ തെക്കേക്കര എന്നിവിടങ്ങളിലെ പൊതു ശ്മശാനങ്ങളിൽ ഉള്ള കുഴൽക്കിണറുകളിൽ ഹാൻഡ് പമ്പ് ഘടിപ്പിച്ച് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ പദ്ധതിയാണിത്. ആയതിന് താഴെ പറയും പ്രകാരം ₹1,62,000 ഭൂജല വകുപ്പിന് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ | 184/23 |
| പ്രൊജക്ടിന്റെ പേര് | പൊതു ശ്മശാനങ്ങളിൽ ഉള്ള കുഴൽക്കിണറുകൾക്ക് ഹാൻഡ് പമ്പ് സ്ഥാപിക്കൽ |

| | |
|---|---|
| അടങ്കൽ | ₹2,70,000(സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ്ഫണ്ട്) |
| ചെലവ് | ₹162000 |
| ബിൽ നം/തീയതി/തുക. | 211/06-02-2023(A C R പ്രകാരം) |

മേൽ പ്രവൃത്തിയുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം. 8/25.10.23) മറുപടിയിൽ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെന്നും, ബില്ല് തയ്യാറാക്കി പേമെന്റ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം അനുവദിക്കുന്നതാണെന്നും ഭൂജല വകുപ്പിൽ നിന്നും അറിയിച്ചതായും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ ₹1,62,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 സ്മാർട്ട് ഐ-ഫേസ് -1-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പൊതു ഇടങ്ങളിൽ മാലിന്യ നിക്ഷേപം തടയുന്നതിനും സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി ഗ്രാമപഞ്ചായത്ത് പരിധിയിൽ സി.സി.ടി.വി സ്ഥാപിക്കുന്നതിനായുള്ള പ്രോജക്ട് പ്രകാരം പ്രവൃത്തിയുടെ ചെലവിലേയ്ക്കായി താഴെ പറയും പ്രകാരം ₹1,77,000 കണ്ണൂർ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 223/23 സ്മാർട്ട് ഐ-ഫേസ് -1 |
| അടങ്കൽ | ₹177000 തനത് ഫണ്ട് |
| ചെലവ്<br>വൗച്ചർനമ്പർ/തീയതി | ₹177000.<br>22201031/14.03.23 |

പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളുടെ വിവരം അറിയിക്കുന്നതിനും, തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/27-10-2023) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി പൂർത്തിയായിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 ഐ.കെ. എം.വിഹിതം നൽകൽ- വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല ₹61705 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 75 /23 |
| പ്രോജക്ടിന്റെ പേര് | ഐ.കെ.എം വിഹിതം നൽകൽ |
| അടങ്കൽ | ₹61705 വികസന ഫണ്ട് പൊതു വിഭാഗം |
| ചെലവഴിച്ച തുക | ₹61705 |
| ബിൽ നമ്പർ, തീയതി | 93/ 26-10-2022(എ സി ആർ പ്രകാരം) |

ഐ കെ എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ കെ എം ന് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് മേൽപ്പറഞ്ഞ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയായി (10/25-10-2023) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ₹61705യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 ബേലിംഗ് മെഷിൻ വാങ്ങൽ -ഇൻസ്റ്റലേഷൻ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല ₹9,99,998 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ കള്ളക്കാംതോട്, പറവൂർ എന്നിവിടങ്ങളിലെ എം.സി.എഫുകളിലേക്ക് ബേലിംഗ് മെഷീനുകൾ

വാങ്ങുന്നതിനായി തയ്യാറാക്കിയ പ്രോജക്ട് ആണ് ഇത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ | 199/23 |
| പ്രൊജക്ടിന്റെ പേര് | എം.സി.എഫിലേക്ക് ബേലിംഗ് മെഷിൻ വാങ്ങൽ – 2എണ്ണം |
| അടങ്കൽ | ₹1000000 (വികസന ഫണ്ട് പൊതു വിഭാഗം) |
| ചെലവ് | ₹9,99,998 |
| ബിൽ നം/തീയതി/തുക. | 349/ 28-03-2023 |

മേൽ പ്രോജക്ട് പ്രകാരം 2 ബേലിംഗ് മെഷീനുകൾ GEM മുഖാന്തിരം ഹാപ്പി ഹാൻഡ്സ് ഗ്ലോബൽ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. പ്രസ്തുത മെഷീനുകൾ ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തനക്ഷമമാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/25-10-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മെഷീനുകളുടെ ഇൻസ്റ്റലേഷനുമായി ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ ₹9,99,998 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മെഷീനുകൾ ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തനക്ഷമമാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ് .

## 1-27 സാന്ത്വന പരിചരണ പദ്ധതി-ഉപകരണങ്ങൾ ലഭ്യമായില്ല-₹28738 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| പ്രോജക്ടിന്റെ നമ്പർ, പേര് | 21/23, സാന്ത്വന പരിചരണ പദ്ധതി |
| അടങ്കൽ | ₹ 830580 വികസന ഫണ്ട്- പൊതു വിഭാഗം |
| ചെലവ് ₹ 830580 | ₹ 29769 ബിൽ നം : 500071469/05-05-22<br>₹ 18829 ബിൽ നം : 500115996/19-05-22<br>₹ 36029 ബിൽ നം : 500174292/06-06-22<br>₹ 36875 ബിൽ നം : 500273620/04-07-22<br>₹ 35022 ബിൽ നം : 500396705/06-08-22<br>₹ 100000 ബിൽ നം : 500457497/25-08-22<br>₹ 37390 ബിൽ നം : 500503440/03-09-22<br>₹ 35730 ബിൽ നം : 500611135/06-10-22<br>₹ 2410 ബിൽ നം : 500604705/03-10-22<br>₹ 4314 ബിൽ നം : 500616658/07-10-22<br>₹ 37157 ബിൽ നം : 500923753/03-11-22<br>₹ 34132 ബിൽ നം : 500851413/02-12-22<br>₹ 39350 ബിൽ നം : 501027648/11-01-23<br>₹ 50926 ബിൽ നം : 501134513/03-02-23<br>₹ 80562 ബിൽ നം : 501166582/05-02-23<br>₹ 155282 ബിൽ നം : 501351223/09-02-23<br>₹ 37033 ബിൽ നം : 501391531/15-03-23<br>₹ 44718 ബിൽ നം : 501393523/18-03-23 |

| | |
|---|---|
| | ₹ 15052 ബിൽ നം : 501393524/18-03-23 |

പാലിയേറ്റീവ് പരിചരണ പദ്ധതിക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി ₹80562 കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂറായി നല്കിയിട്ടുണ്ട്. ഉപകരണങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉപകരണം | എണ്ണം | തുക |
|---|---|---|---|
| 1. | എയർ ബെഡ് | 5 | 10062.52 |
| 2. | ബാക്ക് റസ്റ്റ് | 5 | 12333.77 |
| 3. | വീൽ ചെയർ | 8 | 47727.56 |
| 4. | വാക്കർ | 10 | 9729.52 |
| 5. | സ്പൂട്ടം കപ്പ് പ്ലാസ്റ്റിക്ക് | 22 | 708.40 |
| ആകെ | | ₹80,562 | |

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം അഞ്ച് എയർ ബെഡുകളും (₹10062.52) ഏഴ് വീൽ ചെയറുകളും(₹41761.6) മാത്രമെ ലഭ്യമായിട്ടുള്ളൂ (ആകെ ₹51824). ബാക്കിയുള്ള 28738 രൂപയുടെ ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ ഒറിജിനൽ ബില്ലുകൾ സ്റ്റോക്ക് രജിസ്റ്റർ എന്നിവ സഹിതം പരിശോധനയ്ക്ക് ഹാജരാക്കണം എന്നാവശ്യപ്പെട്ട് നൽകിയ 34/28-10-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹28738(80,562-51824) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ സഹിതം മറുപടി ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ- മരുന്നുകൾ ലഭ്യമായിട്ടില്ല-₹57365 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |
| പ്രോജക്ട് നമ്പർ / പേര് | 19/23,ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ |
| അടങ്കൽ | ₹ 100000 (സംരക്ഷണ ഗ്രാന്റ്-റോഡിതരം) |
| ചെലവ് | ₹100000 |
| ബിൽ നമ്പർ /തീയതി | 5000637167/12.10.22 |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം മരുന്ന വാങ്ങുന്നതിനായി ₹100000 ഹോംകോയുടെ 34306403911 നമ്പർ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. ₹42635 യുടെ മരുന്നുകൾ TAX INVOICE നമ്പർ എൽ.എഫ് 296/17-06-23 പ്രകാരം ലഭ്യമായിട്ടുണ്ട്. ₹57365 (100000-42635) യുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (39/30.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ₹57365 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 സബ് സെന്ററുകളിൽ ഹെൽത്ത് ആന്റ് വെൽനസ് സെന്റർ നടപ്പാക്കൽ-നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ ₹45000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| പ്രോജക്ടിന്റെ നമ്പർ, പേര് | 190/23, കടന്നപ്പള്ളി പഞ്ചായത്തിലെ സബ് സെന്ററുകളിൽ ഹെൽത്ത് ആന്റ് വെൽനസ് സെന്റർ നടപ്പാക്കൽ |
| അടങ്കൽ | ₹ 135000 ഹെൽത്ത് ഗ്രാന്റ് |

| | |
|---|---|
| ചെലവ് | ₹55996 വൗച്ചർ നം : 22201135/31-03-23 |

മേൽ പ്രൊജക്റ്റ് പ്രകാരം സബ് സെന്ററുകളിൽ ഹെൽത്ത് ആന്റ് വെൽനസ് സെന്റർ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി ₹55996 ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

മേൽ ബിൽ നമ്പർ പ്രകാരം ₹45000 ചെലവഴിച്ച് മംഗലശ്ശേരി അസോസിയേറ്റ്സ്, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ₹ 10996 ചെലവഴിച്ച് ഔഷധിയിൽ നിന്നും മരുന്നുകളും വാങ്ങിയിട്ടുണ്ട്. സ.ഉ (കൈ)നം 115/22/തസ്വഭവ തീയതി 28-5-22 ഖണ്ഡിക 2.20 പ്രകാരം നേരിട്ട് വാങ്ങുന്നതിന് അനുമതിയില്ലാത്ത ഇനങ്ങളുടെ വാങ്ങലുകൾക്ക് 8-11-2010ലെ ജി ഒ(പി)നം 259/2010/തസ്വഭവ പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമായിരിക്കുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതു പ്രകാരം ₹25000 മുതൽ ₹100000 വരെയുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ സ്വീകരിക്കേണ്ടതാണ്. എന്നാൽ ക്വട്ടേഷൻ നടപടികളിലൂടെയാണ് മംഗലശ്ശേരി അസോസിയേറ്റ്സ്, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. ആയതിന്റെ വിശദീകരണം ഹാജരാക്കേണ്ടത് സംബന്ധിച്ച് 27.10.23 ന് നൽകിയ 25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഷിക ആവശ്യകതാ നിർണ്ണയം നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് സാധനങ്ങൾ വാങ്ങാതിരുന്നത് അപാകമാണ്. മുകളിൽ പരാമർശിച്ചിട്ടുള്ള വാങ്ങൽ നടപടികൾക്ക് ലിമിറ്റഡ് ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ ₹45000 തടസ്സപ്പെടുത്തുന്നു. തൃപ്തികരമായ വിശദീകരണം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 ഡോക്ടറുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും വേതനം-രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല- 846599 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| പ്രൊജക്റ്റ് നം/പേര് | 28/23, താല്ക്കാലിക ഡോക്ടർക്കും പാരാമെഡിക്കൽ സ്റ്റാഫിനും വേതനം നല്കൽ |
| അടങ്കൽ ₹ 870000 | ₹ 30000(വികസന ഫണ്ട്-പൊതു വിഭാഗം)<br>₹ 840000(തനത് ഫണ്ട്) |
| ചെലവ് ₹8,46,599 | ₹ 30000(വികസന ഫണ്ട്-പൊതു വിഭാഗം)<br>₹ 816599(തനത് ഫണ്ട്)<br>₹ 30000 ബിൽ നമ്പർ. 501134525/03.02.23<br>₹ 67666 ചെക്ക് നമ്പർ 528441/07.05.22<br>₹ 7525 ചെക്ക് നമ്പർ 528424/07.05.22<br>₹ 70000 ചെക്ക് നമ്പർ 528453/03.06.22<br>₹ 70000 ചെക്ക് നമ്പർ. 529781/05.09.22<br>₹ 63333 ചെക്ക് നമ്പർ. 819811/19.12.22<br>₹ 47525 ചെക്ക് നമ്പർ. 819843/04.02.23<br>₹ 77525 ചെക്ക് നമ്പർ. 819863/03.03.23<br>₹ 70000 ചെക്ക് നമ്പർ. 173587/04.07.22<br>₹ 70000 ചെക്ക് നമ്പർ. 173597/01.08.22<br>₹ 70000 ചെക്ക് നമ്പർ. 529781/02.09.22<br>₹ 75500 ചെക്ക് നമ്പർ. 529797/03.10.22<br>₹ 50000 ചെക്ക് നമ്പർ. 529808/03.11.22<br>₹ 77525 ചെക്ക് നമ്പർ. 819826/12.01.23 |

താൽക്കാലികമായി നിയമിച്ച ഡോക്ടർക്കും പാരാമെഡിക്കൽ സ്റ്റാഫിനും വേതനം നൽകുന്നതിനായി ₹846599 നൽകിയിട്ടുണ്ട്. എന്നാൽ ജീവനക്കാരുടെ ഹാജർ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഏതെല്ലാം മാസങ്ങളിലായി എത്ര തുക ഓരോ ജീവനക്കാരനും അനുവദിച്ചിട്ടുണ്ട് എന്നത് വ്യക്തമല്ല. ആയത് വ്യക്തമാക്കുന്ന രേഖകളും താൽക്കാലികമായുള്ള നിയമനം സംബന്ധിച്ചുള്ള ഫയലുകളും ഭരണ സമിതി തീരുമാനവും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് 26/27-10-2023 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹846599 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നിയമന ഉത്തരവുകൾ അടക്കം മുഴുവൻ രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 തേനീച്ച കൃഷി - മുഴവൻ ഗുണഭോക്താക്കൾക്കും പരിശീലനം നല്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ , പേര് | 91/23, തേനീച്ച കൃഷി |
| അടങ്കൽ ₹144000 | ₹72000(വികസന ഫണ്ട്,ജനറൽ)<br>₹ 72000 (മറ്റുള്ളവ) |
| ചെലവ് ₹144000 | (ബിൽനം./തീയതി/തുക)189/30.1.23/₹72000<br>₹72000-ഗുണഭോക്തൃവിഹിതം |

കാസർഗോഡ് റൂറൽ ഡവലപ്പ് മെന്റ് സൊസൈറ്റിയിൽ നിന്നും 18 ഗുണഭോക്താക്കൾക്ക് നല്കുന്നതിനായി 18 യൂനിറ്റ് തേനീച്ച കൃഷി ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. സ്ഥാപനത്തിന്റെ പേരിലുള്ള A/c No.40416100008780 ലേക്ക് 144000 രൂപയാണ് നല്കിയത്. ഒരു യൂണിറ്റിൽ തേനീച്ച ഉൾപ്പെടെയുള്ള പെട്ടി-5, ഐവി സ്റ്റാന്റ്- 5,പുകയന്ത്രം- 1, മുഖാവരണി- 1, തേനടകത്തി- 1 എന്നിവയാണ് ഉൾപ്പെടുന്നത്. ഒരു യൂനിറ്റിന്റെ വില 8000രൂപ.
28.5.22 ലെ സ.ഉ(കൈ) നം. 115/22/LSGD പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1(32) 4 ൽ പദ്ധതി ഗുണഭോക്താക്താക്കൾക്ക് പരിശീലനം നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പരിശീലനം നടത്തിയതിന്റെ രേഖകൾ, മോണിറ്ററിംഗ് റിപ്പോർട്ട്, ഉല്പാദനം, വിപണനം ഇവ സംബന്ധിച്ച റിപ്പോർട്ട് എന്നിവ ലഭ്യമാക്കേണ്ടത് സംബന്ധിച്ച് 26.10.23 ന് നൽകിയ 18ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കർഷകർക്ക് ആവശ്യമായ പരിശീലനം ആത്മയുടെ പ്രാപ്തി വികസന പദ്ധതിയിലുൾപ്പെടുത്തി നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചത്. എന്നാൽ പ്രസ്തുത പരിശീലനവുമായി ബന്ധപ്പെട്ട ഫയലിൽ 40 പേർക്ക് പരിശീലനം നൽകിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ സബ്സിഡി ലഭിച്ച 6 ഗുണഭോക്താക്കൾ മാത്രമേ ഉൾപ്പെട്ടിട്ടുള്ളു. ബാക്കി 12 പേർക്ക് പരിശീലനം നല്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. മാർഗ്ഗരേഖാ നിർദ്ദേശം പാലിക്കാതെ സബ്സിഡി നല്കിയതിന് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മോണിറ്ററിംഗ് റിപ്പോർട്ടിൽ പദ്ധതി നല്ലരീതിയിൽ നടപ്പിലാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-32 പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല -പദ്ധതി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ, പേര് | 116/23, പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല |
| അടങ്കൽ₹100000 | ₹50000 (തനത് ഫണ്ട് )<br>₹50000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം ) |
| ചെലവ് | ₹48750 (തനത് ഫണ്ട് ) |
| ബിൽ നമ്പർ/തീയതി/തുക | 314/20.3.23 /₹48750 (ACR പ്രകാരം) |

കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ 17 വയസ്സിനും 50 വയസ്സിനും ഇടയിലുള്ള എല്ലാവരെയും പത്താംതരം വിദ്യാഭ്യാസമുള്ളവരാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പത്താംതരം തുല്യത കോഴ്സിന്റെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷ ഫീസ് എന്നീ ഇനങ്ങളിലായി 25 പഠിതാക്കളുടെ ഫീസിനത്തിൽ ഒരു പഠിതാവിന് 1950 രൂപ എന്ന നിരക്കിൽ 48750 രൂപ കേരള സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് (A/c No – 57026996123). ഇതു സംബന്ധിച്ച് 30.10.23 ന് നൽകിയ 40ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി എല്ലാ ഗുണഭോക്താക്കളും പൊതു വിഭാഗത്തിൽപെട്ടവരാണെന്നും ഫീസ് ഇളവുകൾ ഇല്ലായെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടെന്നും കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതുന്നതിന്റെ വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-33 ധാതു ലവണ മിശ്രിതവും വിര മരുന്നും വാങ്ങൽ -രേഖകൾ ഹാജരാക്കിയില്ല ₹49952

തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
